**നം.എൽ.എഫ്.റ്റി.ഡി.എം.എൽ/593/13** **തീയതി: 24.06.2013**

# തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2010–11, സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994ലെ കേരളാ നഗരപാലികാ നിയമം 295 (4)–ാം വകുപ്പ്, 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

---

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും } ശ്രീമതി.രഹിനാബീവി.എസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വർക്കല നഗരസഭയുടെ 2010–2011 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 15.07.2012 മുതൽ 08.02.2013 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം(വരവ്/ ചെലവ്/ വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | |
|---|---|---|---|
| 12.02.2013 മുതൽ 25.02.2013 വരെ | 2010–2011 | ശ്രീ.ജി.സുജാതൻ | – ആഡിറ്റ് ഓഫീസർ (HG) |
| | | ശ്രീ.ടി.ചാക്കോ | – അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ |
| | | ശ്രീമതി.സോണിയ ജെ സെബാസ്റ്റ്യൻ | – അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ |
| | | ശ്രീമതി.ഷീജ.ആർ | – സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ലതീഷ്.പി | – സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

**ചെയർമാൻ:**

1. അഡ്വ. കെ.ആർ.ബിജു – 01.04.2010 മുതൽ 31.10.10 വരെ
2. ശ്രീ.സൂര്യപ്രകാശ് – 01.11.10 മുതൽ 31.03.11 വരെ

**സെക്രട്ടറി:**

1. ശ്രീ.എ.വിജയകുമാർ – 01.04.2010 മുതൽ 21.12.2010 വരെ
2. കെ.പ്രേമചന്ദ്രൻ – 22.12.2010 മുതൽ 31.03.11 വരെ

LOCAL FUND AUDIT DEPARTMENT

## <u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1: <u>പൊതു അവലോകനം</u>**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2: <u>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

രസീത് പരിശോധനയിലും നഗരസഭ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: <u>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

നഗരസഭ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: <u>ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>**

നഗരസഭ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധപത്രികകൾ</u>**

1. ഓഡിറ്റ് സാക്ഷ്യപത്രം.
2. ആസ്തി വിവര പത്രിക ലഭ്യമാക്കിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## <u>ഭാഗം – 1</u>

## <u>പൊതു അവലോകനം</u>

വർക്കല മുൻസിപ്പാലിറ്റിയുടെ 2010–11 വർഷത്തെ ബജറ്റ് 27.03.10 –ൽ കൂടിയ മുൻസിപ്പാലിറ്റി യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 146033699/– രൂപയും ആകെ ചെലവ് 136146400/– രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം 2010–11 വർഷത്തെ ആകെ വരവ് 1127857561/– രൂപയും ആകെ ചെലവ് 106510742/– രൂപയും ആണ്.

മേൽപ്പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 60351/– രൂപ മുൻസിപ്പാലിറ്റിയുടെ വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായും 220048/– രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 14560952/– രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു).

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളും രേഖകളും പരിപാലിച്ചു കാണുന്നില്ല. ചെലവുകളുമായി ബന്ധപ്പെട്ട ഫയലുകൾ അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നതിലും ഓഡിറ്റ് സമയത്ത് ഹാജരാക്കുന്നതിലും മുനിസിപ്പൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥ തുടരുന്ന പ്രവണതയ്ക്ക് മാറ്റം വരുത്തേണ്ടതാണ്.

തനതുവരുമാനം പിരിച്ചെടുക്കുന്നതിനോ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനോ മുൻസിപ്പാലിറ്റി ക്രിയാത്മകമായ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. കെട്ടിട നികുതി സംബന്ധമായ ഡിമാന്റ് – കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ഡി & ഒ സംബന്ധിച്ച രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

ബങ്ക് വാടക കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നു. തുച്ഛമായ തുകകൾ ഡെപ്പോസിറ്റ് വാങ്ങിയാണ് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുളളത്. മതിയായ അറ്റകുറ്റപ്പണികൾ നടത്തിയും ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയും കടമുറികൾ പുനർലേലം ചെയ്യാൻ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, ബങ്ക് എന്നിവയ്ക്കും നിയമാനുസൃതമായ വാർഷിക വാടക വർദ്ധനവ് വരുത്താത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

ആദായ നികുതി, വിൽപ്പനവാങ്ങൽ നികുതി, ലൈബ്രറി സെസ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ ഒടുക്കുവാൻ ബാക്കിയുള്ള തുകകൾ ഒടുക്കുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിക്ഷേപ തുകകൾ മടക്കി നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിയ്ക്കപ്പെടുന്നില്ല.

ബി–ഫണ്ട് സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല.

പ്രവൃത്തി നടത്താതെ ഒഴിഞ്ഞ കരാറുകാർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ച് നൽകുന്ന നടപടിയിൻമേൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും പി.ഡബ്ല്യൂ.ഡി സർക്കുലറുകളും പാലിയ്ക്കുന്നതിനും ബന്ധപ്പെട്ട ഭരണസമിതിയും മുൻസിപ്പൽ സെക്രട്ടറി, എഞ്ചിനീയർ എന്നിവരും ശ്രദ്ധിക്കേണ്ടതും ഡി.പി.സി. അംഗീകാരം ലഭ്യമാക്കാതെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

തനതുഫണ്ട് വകകൊളളിച്ചുകൊണ്ടുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മിതപ്പെടുത്തേണ്ടതാണ്. എഗ്രിമെന്റ് വച്ചശേഷം പദ്ധതി നടപ്പാക്കാതെ പിൻമാറുന്ന കരാറുകാരെ ടെണ്ടറിൽ നിന്നും അയോഗ്യരാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗവ.ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കു ലഭ്യമാക്കിയിട്ടില്ല (2010–11), സാമ്പത്തിക വർഷത്തിൽ എസ്.സി.ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വീട് ഗുണമേൻമാ

LOCAL FUND AUDIT DEPARTMENT

വർദ്ധനവ് (33/10–11), ഭവന നിർമ്മാണം (52/10–11), വീട് വയറിംഗ് (54/10–11), കക്കൂസ് നിർമ്മാണം (55/10–11) എന്നീ പ്രോജക്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2008–09 സാമ്പത്തിക വർഷത്തിൽ എസ്.സി ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭവന നിർമ്മാണം (വനിത) എന്ന പ്രോജക്ട്, 2009–10, 2010–11 വർഷങ്ങളിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഇ.എം.എസ്.ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെകൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം – 2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2.1. രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

റദ്ദുചെയ്ത ചില രസീതുകൾ മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാ.രസീത് നം.

01/11201103828 24.07.2012, 01/11201106336 15.10.12, 01/11201106338 15.12.12, 01/11201107223 17.11.2012, 01/11201107641 29.11.12, 01/11201500043 29.11.2012

എന്നിവ കാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുകയോ മുനിസിപ്പൽ സെക്രട്ടറി അത് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. റദ്ദു ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ആയതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്യാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

### 2.2. തൊഴിൽ നികുതി ഇനത്തിൽ കൈപ്പറ്റിയ തുക ഒടുക്ക് വരുത്തിയതിൽ കുറവ്. നഷ്ടം. 1000/- രൂപ

വർക്കല മുനിസിപ്പാലിറ്റി 2012– 2013 ആദ്യ അർദ്ധവാർഷിക തൊഴിൽ നികുതി ഇനത്തിൽ രസീതി നം. 11201500012/14.08.12 പ്രകാരം 26250/– രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 16/08/2012–ൽ അക്കൗണ്ട് നം. 03210200000129–ൽ 25250/– രൂപ മാത്രമാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 1000/– രൂപ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

### 2.3. തൊഴിൽ നികുതി ഒടുക്കിൽ കുറവ് 470/- രൂപ നഗരസഭയ്ക്ക് നഷ്ടം.

2010–2011 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ചുവടെ ചേർക്കുന്ന ജീവനക്കാർ ഒടുക്കിയതായി കാണുന്നില്ല.

LOCAL FUND AUDIT DEPARTMENT

| ക്രമ നം | പേര്/ഉദ്യോഗപ്പേര് സ്ഥാപനം | അ.വാ. വരുമാനം | ഒടുക്കേണ്ടത് | ഒടുക്കിയത്/ രസീത് നം | നഷ്ടം |
|---|---|---|---|---|---|
| 1 | സീനത്തു ബീവി<br>പി.റ്റി.സി.എം<br>ഗവ.എൽ.പി.എസ് ചിലക്കൂർ | 30132 | 300 | 180<br>11635/25.02.11 | 120 |
| 2 | പാമിദത്ത് – മാനേജർ<br>സ്റ്റാർ തീയറ്റർ | 24000 | 180 | 160<br>11708/26.02.11 | 20 |
| 3 | മനോഹരൻ – ഓപ്പറേറ്റർ ” | 24000 | 180 | ” | 20 |
| 4 | ശ്യാം സുന്ദർ – ടിക്കറ്റ് കൗണ്ടർ ” | 21000 | 180 | ” | 20 |
| 5 | ദാസ്, ഗേറ്റ് കീപ്പർ, ” | 21000 | 180 | ” | 20 |
| 6 | സുനി, ഗേറ്റ് കീപ്പർ, ” | 21000 | 180 | ” | 20 |
| 7 | എസ്.സക്കീർ, ക്ലാർക്ക്<br>തിരുവനന്തപുരം ജില്ലാ<br>സഹകരണ ബാങ്ക് | 128428 | 1250 | 1000 | 250 |
| | ആകെ | | | | 470/– രൂപ |

ഒടുക്കിൽ കുറവു വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി നഗര സഭാ ഫണ്ടിൽ ഒടുക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

### 2.4. <u>രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അലംഭാവം – ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.</u>

2009–10 സാമ്പത്തിക വർഷം തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പരാമർശം ഉണ്ട്. 2010–11 സാമ്പത്തിക വർഷവും തൊഴിൽ നികുതിയിനത്തിൽ സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക പത്രികകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഈയിനത്തിൽ ഒരു രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി 16.02.13) രേഖാമൂലമുള്ള മറുപടിയും നൽകിയില്ല. ഡി.സി.ബി പത്രിക പ്രകാരം കണക്കാക്കിയിരിക്കുന്ന തൊഴിൽ നികുതിയുടെ പിരിവോ, കുടിശ്ശികയോ കൃത്യതപ്പെടുത്താൻ ഇക്കാരണത്താൽ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയെടുത്തതിന്റെ രേഖകൾ, കച്ചവട സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവയും ഹാജരാക്കിയിട്ടില്ല. നഗരസഭയുടെ പ്രധാന നികുതിയിനങ്ങളിൽ ഒന്നിനെ ഇപ്രകാരം കാലാകാലങ്ങളായി അവഗണിക്കുന്നത് തനതുവരുമാന വരവിനെ കാര്യമായി ബാധിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശങ്ങൾക്ക് ഒരു വർഷക്കാലയളവിലും പരിഹാരം കാണാൻ ശ്രമിക്കാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായിത്തന്നെ വിലയിരുത്തുകയാണ്.

ലേലം, കടമുറി വാടക, ബങ്ക്, വിനോദനികുതി ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, ഠൗൺഹാൾ തുടങ്ങിയവയുടെ രജിസ്റ്ററുകളും കൃത്യമല്ല. മതിയായ രേഖപ്പെടുത്തലുകൾ വരുത്തുകയോ യഥാ സമയങ്ങളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഒരു വരവിനത്തിനും പ്രത്യേകം കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചു കാണുന്നില്ല. കാലഹരണപ്പെടുന്ന നികുതി, ഉദ്യോഗസ്ഥരുടെ ബാധ്യതയാണെങ്കിലും കുടിശ്ശിക പിരിവിൽ നഗരസഭ താൽപ്പര്യം കാട്ടുന്നില്ല.

LOCAL FUND AUDIT DEPARTMENT

## 2.5. ബങ്ക് വാടക ഈടാക്കുന്നില്ല – നഷ്ടം

വർക്കല മുനിസിപ്പാലിറ്റി 2010–11 സാമ്പത്തിക വർഷത്തെ ബങ്ക് വാടക രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ വലിയ തുക മുനിസിപ്പാലിറ്റിക്ക് ലഭിക്കുവാനുണ്ട്. ആയത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നില്ല. വാടക കരാർ പുതുക്കുമ്പോൾ പ്രതിവർഷം വാടക ഇനത്തിൽ 5% വർദ്ധനവ് നടപ്പാക്കി വാടക നിജപ്പെടുത്തണം എന്ന നിബന്ധന വർക്കല മുനിസിപ്പാലിറ്റിയിൽ പാലിക്കപ്പെടുന്നില്ല. 2009–10 സാമ്പത്തികവർഷം നടപ്പാക്കിയ കരാർ വ്യവസ്ഥയിലെ വാടക തുക തന്നെയാണ് 2010–2011 വർഷത്തിലും ബങ്ക് ഉടമകളിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഇതുവഴി കുടിശ്ശിക ഇനത്തിലും 5% വാർഷിക വർദ്ധനവ് നടപ്പാക്കാത്തത് മൂലവും 2010–2011 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിക്കുണ്ടായ വരവിനത്തിലുള്ള നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ബങ്ക് നം | വാടകക്കാരന്റെ പേരും മേൽവിലാസവും | 2009–10 വർഷത്തെ വാടക | 2010–11 വർഷം വാങ്ങേണ്ട വാടക തുക | 2010–11 വർഷം വാങ്ങിയ വാടക തുക | 2010–11 വർഷം കുടി ശ്ശിക തുക | 5% വർദ്ധനവ് വഴി ലഭി ക്കേണ്ട തുക | ആകെ നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | (1) | രാധാകൃഷ്ണൻ നായർ, താന്നികുഴിവിള വീട്, കൂരക്കണ്ണി, വർക്കല | 3816 | 4008 | 3180 | 636 | 192 | 828 |
| 2 | (2) | തുളസീധരൻ, മേലേതിൽ വീട് കൊല്ലംകാണം | 5724 | 6010 | 477 | 5247 | 286 | 5533 |
| 3 | (3) | സുഷി, രതിമന്ദിരം, മുണ്ടയിൽ, വർക്കല | 5724 | 6010 | 5724 | – | 286 | 286 |
| 4 | (4) | സുകുമാരൻ, വിളയിൽവീട്, വർക്കല | 8172 | 8580 | 8172 | – | 408 | 408 |
| 5 | (5) | കുഞ്ഞുകൃഷ്ണപിള്ള വേലിക്കാട്ടുവീട്, വർക്കല | 8268 | 8681 | 5512 | 2756 | 413 | 3169 |
| 6 | (6) | സി.പി.രാഹുലൻ, പാലവിളവീട്, ചെറുന്നിയൂർ | 7992 | 8391 | 7992 | – | 399 | 399 |
| 7 | (7) | രാമചന്ദ്രൻപിള്ള, വാവരവീട്, വെട്ടൂർ | 8196 | 8605 | 8196 | – | 409 | 409 |
| 8 | (8) | കുഞ്ഞുകൃഷ്ണപിള്ള, വേലിക്കാട്ടു വീട്, ചിലക്കൂർ | 8268 | 8681 | 8268 | – | 413 | 413 |
| 9 | (9) | എൻ.അമ്മു, ചെറുകുന്നം, വർക്കല | 3948 | 4145 | 2961 | 987 | 197 | 1184 |
| 10 | (10) | എം.അഷ്റഫ്, പാറക്കുടി ഹൗസ്, ചിലക്കൂർ | 5448 | 5720 | 4994 | 454 | 272 | 726 |
| 11 | (12) | ശ്രീധരൻ, ഈഞ്ചയിൽ പുത്തൻവീട്, ചെറുകുന്നം, വർക്കല | 660 | 693 | 660 | – | 33 | 33 |
| 12 | (13) | രാജൻ ചാത്തമ്പാറ വീട്, ചിലക്കൂർ, വർക്കല | 3180 | 3339 | 3180 | – | 159 | 159 |
| 13 | (15) | മധു, ശങ്കരമംഗലം, പുന്നമൂട്, വർക്കല | 2460 | 2583 | 2460 | – | 123 | 123 |
| 14 | (16) | ജി.സുധ | 1824 | 1915 | 1824 | – | 91 | 91 |

LOCAL FUND AUDIT DEPARTMENT

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ചരുവിള പുത്തൻവീട് ചെറുകുന്നം, വർക്കല | | | | | | |
| 15 | (17) | ചന്ദ്രൻപിള്ള പാറയിൽ പുത്തൻവീട് കൂരക്കണ്ണി | 2460 | 2583 | 2460 | – | 123 | 123 |
| 16 | (18) | അബ്ദുൾ ജബ്ബാർ, സൂരജ് കോട്ടേജ്, തച്ചൻകോണം, വെട്ടൂർ | 9072 | 9525 | 9072 | – | 453 | 453 |
| 17 | (20) | കെ.സുഭാഷ്, സുധ ഭവൻ, കണ്ണംബ | 4536 | 4762 | 4536 | – | 226 | 226 |
| 18 | (21) | കെ.സുകുമാരൻ നായർ, ഷാജി ഭവൻ രാമന്തളി, ചിലക്കൂർ | 8580 | 9009 | 8580 | – | 429 | 429 |
| 19 | (24) | ബിന്ദു മാവിള വീട് മുണ്ടയിൽ | 6000 | 6300 | – | 6000 | 300 | 6300 |
| 20 | (25) | ശകുന്തള പുതുവൽവീട്, തോട്ടിക്കല, വർക്കല | 1800 | 1890 | 1350 | 450 | 90 | 540 |
| 21 | (27) | പ്രസന്ന പുതുവൽവീട് തൊടുവെ, വർക്കല | 1800 | 1890 | 1200 | 600 | 90 | 690 |
| 22 | (29) | ബാബുമണി നമ്പ്യാർകോണത്ത് വീട് മുണ്ടയിൽ, വർക്കല | 1800 | 1890 | – | 1800 | 90 | 1890 |
| 23 | (33) | സുനിൽകുമാർ ഏറൽവീട് പുല്ലനിക്കോട് | 6000 | 6300 | 6000 | – | 300 | 300 |
| 24 | (34) | വിജയൻ വിളയിൽവീട് റെയിൽവേ സ്റ്റേഷന് സമീപം | 6000 | 6300 | 5500 | 500 | 300 | 800 |
| 25 | (35) | വി.എസ്.ബാബുരാജൻ, ചന്ദുര, ചെറുകുന്നം | 3600 | 3780 | 2100 | 1500 | 180 | 1680 |
| 26 | (37) | സൈനുദ്ദീൻ, കുഴിവിള വീട് | 3600 | 3780 | 3300 | 300 | 180 | 480 |
| 27 | (38) | ശശിധരൻ, ജി.എസ്. പി.മന്ദിരം, ചെറുകുന്നം | 3600 | 3780 | 3300 | 300 | 180 | 480 |
| 28 | (39) | ഉദയൻ, ചരുവിളവീട്, ചിലക്കൂർ | 1800 | 1890 | 1350 | 450 | 90 | 540 |
| 29 | (40) | ഓമന, കല്ലുവിളവീട്, ചിലക്കൂർ | 1800 | 1890 | 1500 | 300 | 90 | 390 |
| 30 | (42) | ഷാജി, ചിത്തിര, ആയുർവേദ ആശുപത്രി സമീപം വർക്കല | 6000 | 6300 | 4500 | 1500 | 300 | 1800 |
| 31 | (43) | ഉദയകുമാർ ചന്ദ്രഭവൻ,ചെറുകുന്നം | 4800 | 5040 | 4800 | – | 240 | 240 |
| 32 | (45) | ഭാസിലൻ, മുള്ളുവിളവീട്, മൈതാനം, വർക്കല | 2400 | 2520 | 2200 | 200 | 120 | 320 |
| 33 | | ധനലക്ഷ്മി ബാങ്ക്, എക്സ്റ്റെൻഷൻ കൗണ്ടർ, മുനിസിപ്പൽ ബിൽഡിംഗ് | 12000 | 12600 | 12000 | – | 600 | 600 |
| 34 | | മാവേലി സ്റ്റോർ, മുനി സിപ്പൽ ബിൽഡിംഗ് | 19752 | 20739 | 18106 | 1646 | 987 | 2633 |
| | | ആകെ | 181080 | 190129 | 155454 | 25626 | 9049 | 34675 |

LOCAL FUND AUDIT DEPARTMENT

വാടക കുടിശ്ശിക ഇനത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട 25626/- രൂപയും 5% വർദ്ധനവ് നടപ്പാക്കാത്തതുമൂലം നഷ്ടമായ 9049/- രൂപയും ചേർത്ത് ആകെ നഷ്ടം 34675/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

ബങ്ക് രജിസ്റ്റർ പരിശോധിച്ചതുപ്രകാരം 7 ബങ്കുകൾ 5 വർഷത്തിൽ കൂടുതൽ വാടക കുടിശ്ശിക നൽകാനുണ്ടെന്നു ബോധ്യപ്പെട്ടു. കൂടാതെ ബങ്ക് നം. 14, 19, 22, 30, 31, 32 എന്നിവ 2010-2011 കാലയളവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്. കുടിശ്ശിക വരുത്തിയവരെ തുടരാൻ അനുവദിക്കുന്നതും ഒഴിഞ്ഞ് കിടക്കുന്നവ പുനർലേലം ചെയ്യാത്തതും മുനിസിപ്പാലിറ്റി അധികാരികളുടെ വീഴ്ചയാണ്.

**<u>ദീർഘകാല കുടിശ്ശിക വിവരങ്ങൾ.</u>**

| ക്രമ നം | ബങ്ക് നം | വാടകക്കാരന്റെ പേരും മേൽവിലാസവും | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 11 | ഗിരീഷ് കുമാർ, വേലിക്കാട്ട് വീട്, ചിലക്കൂർ | 681 | ജൂൺ 2005 മുതൽ |
| 2 | 23 | സുശീല, തേരംകുളം, കൂരക്കണ്ണി | 150 | മെയ് 2005 മുതൽ |
| 3 | 26 | പങ്കി, നെടുമ്പുറത്തുവിള, പുല്ലാനിക്കാട് | 150 | സെപ്തംബർ 2005 മുതൽ |
| 4 | 28 | ശ്യാമള, കക്കലത്ത് കുന്നിൽ വീട്, കഞ്ചാശ്രമം, വർക്കല | 150 | ഏപ്രിൽ 2006 മുതൽ |
| 5 | 36 | ഹാജിറബീവി, മുക്കാലില വീട്, ചിലക്കൂർ | 300 | ആഗസ്റ്റ് 2004 മുതൽ |
| 6 | 41 | മുല്ലാമണി, തൊടുവെ, വർക്കല | 150 | സെപ്തംബർ 2005 മുതൽ |
| 7 | 44 | ഷിഹാബുദ്ദീൻ, കോണത്ത് വീട്, ചിലക്കൂർ | 200 | ഏപ്രിൽ 2009 മുതൽ |

ടി വ്യക്തികളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ മുനിസിപ്പാലിറ്റി അധികൃതർ സ്വീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 2.6. <u>ഷോപ്പിംഗ് കോംപ്ലക്സുകൾ - നഗരസഭയ്ക്ക് ബാധ്യതയാകുന്നു.</u>

**(എ)** നഗരസഭ പരിധിയിൽ രണ്ടു ഷോപ്പിംഗ് കോംപ്ലക്സുകളിലായി 39 കടമുറികൾ ഉള്ളതിൽ 34 എണ്ണം വിവിധയാളുകൾ ലേലം കൊണ്ടിട്ടുണ്ട്. 2003-04 കാലഘട്ടത്തിൽ ലേലം ചെയ്തു നൽകിയ കടമുറികൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ച ശേഷം മാത്രം ലൈസൻസ് ഫീ ഒടുക്കിയാൽ മതി എന്ന് 14/12/04-ലെ 7(7)-ാം നമ്പർ തീരുമാനത്തിലൂടെ ഭരണസമിതി നിർദ്ദേശം നൽകി.

തുടർന്ന് കെട്ടിട നിർമ്മാണത്തിലെ പാകപ്പിഴകൾ, മൂത്രപ്പുര/കക്കൂസിന്റെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വ്യാപരികൾ നിവേദനം നൽകിയപ്പോൾ 01.07.05 മുതൽ നിലവിലുള്ള വാടകയുടെ 25% കുറച്ച് ഈടാക്കിയാൽ മതിയെന്ന് 04.07.05 ലെ 9-ാം നം. (Suppl) തീരുമാനത്തിലൂടെ സമിതി നിർദ്ദേശം നൽകി.

മറ്റു സ്ഥാപനങ്ങൾ വാർഷിക വാടക വർദ്ധനവ് വർഷം തോറും നടപ്പിലാക്കുമ്പോഴും വർക്കല നഗരസഭയിൽ വരഷങ്ങളായി ഒരേ വാടക തന്നെയാണ് ഈടാക്കി വരുന്നത്.

എസ്–11, എസ്–13, എസ്–15, എസ്–19, എസ്–21 എന്നീ 5 കടമുറികൾ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി കടമുറികൾ വാടകയ്ക്കു നൽകാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

3 വർഷ കാലാവധിയിൽ ലേലം ചെയ്തു കൊടുക്കുന്ന കടമുറികൾക്ക് നിശ്ചിത സമയപരിധി അവസാനിക്കുമ്പോൾ പുന:ലേലം നടത്താനോ എഗ്രിമെന്റ് പുതുക്കാനോ അധികൃതർ ശ്രദ്ധിക്കുന്നില്ല. 34 കടമുറികളിൽ 7 എണ്ണം മാത്രമാണ് നിലവിൽ പുതുക്കിയ എഗ്രിമെന്റ് പ്രകാരം പ്രവർത്തിക്കുന്നത്. ശേഷിക്കുന്നവ എഗ്രിമെന്റ് കാലാവധിക്കുശേഷവും പഴയ വാടകയിൽ തന്നെ പ്രവർത്തിക്കുന്നവയാണ്.

കടമുറികളുടെ വാടകക്കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം | പേര്/വിലാസം | മാസ വാടക | കാലയളവ് | കുടിശ്ശിക ത്തുക |
|---|---|---|---|---|---|
| 1 | നടയറ | നിസാർ ഷാമൻസിൽ | 500 | 1/11 – 3/11 | 1500 |
| 2 | എസ്–6 | അനിൽകുമാർ | 1200 | 08/10 – 3/11 | 9600 |
| 3 | എസ്–12 | പുരുഷോത്തമൻ നായർ | 1350 | 3/11 | 1350 |
| 4 | എസ്–16 | കെ.എം.കാസിം | 1350 | 12/10 – 3/11 | 5400 |
| 5 | എസ്–18 | അജയകുമാർ | 1350 | 2/11 – 3/11 | 2700 |
| 6 | എസ്–20 | സുരീഷ് | 1350 | 11/10 – 3/11 | 6750 |
| 7 | എസ്–22 | ശശിധരൻ നായർ | 1350 | 2/11 – 3/11 | 2700 |
| 8 | എസ്–24 | മോഹനൻ നായർ | 1485 | 10/10 – 3/11 | 8910 |
| 9 | പി.എസ്–1 | എം.എ മോഹനൻ | 1823 | 3/11 | 1823 |
| 10 | എം–11 | ലീകുമാർ | 540 | 7/05 – 3/11 | 37260 |
| 11 | എം–12 | ഇന്ദു | 1500 | 3/11 | 1500 |
| 12 | എം–14 | തുളസീധരൻ നായർ | 540 | 2/11 – 3/11 | 1080 |
| 13 | എം–15 | രാജേന്ദ്രൻ നായർ | 675 | 2/11 – 3/11 | 1350 |
| 14 | എം–16 | ബി.സുനിൽ | 675 | 3/11 | 675 |
| 15 | എം–17 | എസ്.സരസകുമാർ | 540 | 3/11 | 540 |
| 16 | എം–19 | വിനയൻ | 540 | 01/05–3/11 | 40500 |
| 17 | എം–21 | അജികുമാർ | 540 | 02/11 – 3/11 | 1080 |
| **ആകെ** | | | | | **124718** |

LOCAL FUND AUDIT DEPARTMENT

വാടകക്കുടിശ്ശിക പിഴപ്പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

തുച്ഛമായ തുകകൾ ഡെപ്പോസിറ്റ് വാങ്ങിയാണ് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. മതിയായ അറ്റകുറ്റപ്പണികൾ നടത്തിയും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയും ഈ കടമുറികൾ പുന:ലേലം ചെയ്താൽ നഗരസഭയുടെ തനതു വരുമാനത്തിൽ ഗണ്യമായ പുരോഗതി നിസ്സംശയം ഉറപ്പുവരുത്താനാകും. ഈ വിഷയത്തിൽ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

**(ബി)** നഗരസഭ പരിധിയിലുള്ള പുന്നമൂട്, മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾക്ക് നിയമാനുസൃതമായ വാർഷിക വാടക വർദ്ധനവ് വരുത്തുന്നില്ല. കടമുറികൾ മൂന്നുവർഷത്തേയ്ക്കാണ് ലേലം ചെയ്തു നൽകുന്നത്. നിശ്ചിത സമയപരിധിയിൽ പുനർ

ലേലം നടക്കുന്നതായി രജിസ്റ്ററിൽ കാണുന്നില്ല. 2003 മുതൽ ഒരേ ആളുകൾ തന്നെ കടമുറികൾ ഉപയോഗിച്ചു വരുന്നതായും കാണുന്നു.

2010-2011 വർഷം വാർഷിക വാടക വർദ്ധന വരുത്താത്തുമൂലമുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം | ലേലംകൊണ്ട ആൾ | മുൻവർഷത്തെ മാസ വാടക (രജിസ്റ്റർ പ്രകാരം) | 2010-2011 -ലെ മാസവാടക | ഈടാക്കേണ്ട മാസവാടക | നഷ്ടം (ഒരു വർഷം) |
|---|---|---|---|---|---|---|
| 1 | S1 | അനിൽകുമാർ<br>17.02.10-ൽ 3 വർഷത്തെ ലേലം കൊണ്ടു. ലേലത്തുക - 36000 | 1500 | 1500 | 1575 | 900 |
| 2 | S2 | ഉണ്ണിക്കൃഷ്ണൻ നായർ<br>22.02.2010 മുതൽ 3 വർഷത്തേയ്ക്ക് ലേലം കൊണ്ടു. | 2000 | 2000 | 2100 | 1200 |
| 3 | S3 | ഹരിദാസ്<br>12.03.04-ൽ ലേലം കൊണ്ടു ഡെപ്പോസിറ്റ് - 4050/- രൂപ | 1013 (10/09 മുതൽ) | 1013 | 1064 | 612 |
| 4 | S5 | മുരുകൻ<br>28.03.2003-ൽ ലേലംകൊണ്ടു. ലേലത്തുക 97000/- | 1013 (07/07 മുതൽ) | 1013 | 1064 | 612 |
| 5 | S6 | അനിൽകുമാർ<br>17.02.2010-ൽ 3 വർഷ ലേലംകൊണ്ടു | 1200 | 1200 | 1260 | 720 |
| 6 | S7 | സെക്രട്ടറി<br>സർവ്വീസ് കോഓപ്പറേറ്റീവ് സൊസൈറ്റി 27.01.09 മുതൽ 23.01.2010 വരെ ലേലം കൊണ്ടു.<br>(പുന:ലേലം നടന്നിട്ടില്ല.) | 1688 | 1688 | 1772 | 1012 |
| 7 | S8 | ബാബു.എസ്<br>28.03.2003-ൽ ലേലം കൊണ്ടു. തുടർന്ന് ലേലം കൊണ്ടിട്ടില്ല.<br>ലേലത്തുക - 411500/- | 1350 (4/08 മുതൽ) | 1350 | 1418 | 816 |
| 8 | S9 | ഗീതാബാബു<br>28.03.2003-ൽ ലേലം കൊണ്ടു<br>ലേലത്തുക. 370000 | 1350 (4/08 മുതൽ) | 1350 | 1418 | 816 |
| 9 | S10 | പുരുഷോത്തമൻനായർ<br>28.03.2003-ൽ 453500 രൂപയ്ക്കു ലേലം കൊണ്ടു. | 1350 (4/08 മുതൽ) | 1350 | 1418 | 816 |
| 10 | S12 | പുരുഷോത്തമൻ നായർ<br>22.10.2007-ൽ 3 വർഷത്തേയ്ക്ക് 175000 രൂപയ്ക്ക് ലേലം കൊണ്ടു. | 1350 (1/08 മുതൽ) | 1350 | 1418 | 816 |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| 11 | S14 | അർജുൻ മോഹൻ 15.10.2003–ൽ 210000 രൂപയ്ക്ക് ലേലം കൊണ്ടു. | 1350 (4/08 മുതൽ) | 1350 | 1418 | 816 |
| 12 | S16 | കാസിം 05.04.2010–ൽ 162727 രൂപയ്ക്ക് ലേലം കൊണ്ടു. | 1350 (4/09 മുതൽ) | 1350 | 1418 | 816 |
| 13 | S17 | ഗോപാലകൃഷ്ണൻ നായർ 28.03.2003–ൽ 165500/– രൂപയ്ക്കു ലേലം കൊണ്ടു. | 1013 (4/08 മുതൽ) | 1013 | 1064 | 612 |
| 14 | S18 | അജയകുമാർ 15.12.03–ൽ 207000/– രൂപയ്ക്കു ലേലം കൊണ്ടു. | 1350 (3/08 മുതൽ) | 1350 | 1418 | 816 |
| 15 | S20 | സുരീഷ് ഡെപ്പോസിറ്റ് തുക 5400 | 1350 (11/06 മുതൽ) | 1350 | 1418 | 816 |
| 16 | S22 | ശശിധരൻ നായർ 08.08.2005–ൽ 197000 രൂപയ്ക്കു ലേലം കൊണ്ടു | 1350 (2/08 മുതൽ) | 1350 | 1418 | 816 |
| 17 | S23 | രാജേന്ദ്രൻ നായർ 30.11.09–ൽ 225000 രൂപയ്ക്കു ലേലം കൊണ്ടു | 3000 | 3000 | 3150 | 1800 |
| 18 | S24 | മോഹനൻ നായർ 15.12.03–ൽ 438300/– രൂപയ്ക്കു ലേലം കൊണ്ടു. | 1485 (9/06 മുതൽ) | 1485 | 1559 | 888 |
| 19 | PS I | എം.എ.മോഹനൻ 200000/– രൂപയ്ക്ക് 28.03.03–ൽ ലേലം കൊണ്ടു | 1823 (4/08 മുതൽ) | 1823 | 1914 | 1092 |
| 20 | PS II | പ്രദീപ് കുമാർ 451000/– രൂപയ്ക്ക് 28.03.03 – ൽ ലേലം കൊണ്ടു | 2363 (4/08 മുതൽ) | 2363 | 2481 | 1416 |
| 21 | M1 | സുനജ 28.11.07–ൽ ലേലം കൊണ്ടു. ഡെപ്പോസിറ്റ്. 3000/– രൂപ | 675 (12/07 മുതൽ) | 675 | 709 | 408 |
| 22 | M10 | ഹമീദ് 15.06.2010–ൽ ലേലം കൊണ്ടു ഡെപ്പോസിറ്റ് 5000/– രൂപ | 1000 | 1000 | 1050 | 600 |
| 23 | M11 | ലീകുമാർ 28.03.2003–ൽ 130000/– രൂപയ്ക്ക് ലേലംകൊണ്ടു | 540 (06/05 മുതൽ) | 540 | 567 | 324 |
| 24 | M12 | ഇന്ദു 30.11.09–ൽ 26000/– രൂപയ്ക്കു ലേലം കൊണ്ടു. | 1500 | 1500 | 1575 | 900 |
| 25 | M13 | ഇന്ദു 30.11.09–ൽ 35000/– രൂപയ്ക്കു ലേലം കൊണ്ടു. | 1500 | 1500 | 1575 | 900 |
| 26 | M14 | തുളസീധരൻ നായർ 115500/– രൂപയ്ക്ക് 28.03.03 –ൽ ലേലം കൊണ്ടു. | 540 (08/05 മുതൽ) | 540 | 567 | 324 |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| 27 | M15 | രാജേന്ദ്രൻ നായർ 350000/– രൂപയ്ക്ക് 28.03.2003–ൽ ലേലം കൊണ്ടു. | 675<br>4/06 മുതൽ | 675 | 709 | 408 |
| 28 | M16 | സുനിൽ 301000/– രൂപയ്ക്ക് 28.03.03 –ൽ ലേലം കൊണ്ടു. | 675<br>6/07 മുതൽ | 675 | 709 | 408 |
| 29 | M17 | സരസകുമാർ 28.03.03–ൽ 180000/– രൂപയ്ക്ക് ലേലം കൊണ്ടു. | 540<br>3/08 മുതൽ | 540 | 567 | 324 |
| 30 | M18 | രാജേന്ദ്രൻ നായർ 30.11.2009–ൽ 31500/– രൂപയ്ക്ക് ലേലം കൊണ്ടു. | 1500 | 1500 | 1575 | 900 |
| 31 | M19 | വിജയൻ ഡെപ്പോസിറ്റ് 2160 | 540<br>12/04 മുതൽ | 540 | 567 | 324 |
| 32 | M20 | മോഹനൻ പിള്ള 15.12.2003–ൽ 82000/– രൂപയ്ക്ക് ലേലം കൊണ്ടു. | 540<br>(01/08 മുതൽ) | 540 | 567 | 324 |
| 33 | M21 | അജികുമാർ 28.03.2003–ൽ 147000/– രൂപയ്ക്ക് ലേലം കൊണ്ടു. | 540<br>4/08 മുതൽ | 540 | 567 | 324 |
| **ആകെ** | | | | | | **24676** |

ഇപ്രകാരം 2010 – 11 –ൽ മാത്രം 24676/– രൂപ നഗരസഭയ്ക്കു നഷ്ടം സംഭവിച്ചിട്ടുണ്ട്. ലേലകാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുന:ലേലം നടത്താനോ ലേലക്കാരിൽ നിന്നും സമ്മതപത്രം/സോൾവൻസി വാങ്ങി സൂക്ഷിക്കാനോ നഗരസഭാധികൃതർ ശ്രദ്ധിക്കുന്നില്ല. വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ അറ്റകുറ്റപ്പണികൾ നടത്തി ലേലം ചെയ്യാനും ശുഷ്കാന്തി കാട്ടുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കാൻ ഏറ്റവും മികച്ച ഒരു മാർഗ്ഗമായിക്കണ്ട് വാടക കൃത്യമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം – 3

## ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3.1. ലേലവ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. നഗരസഭയ്ക്ക് 104564/– രൂപയുടെ നഷ്ടം.

മുനിസിപ്പാലിറ്റി വക കെട്ടിടങ്ങൾ, സ്ലാട്ടർ ഹൗസ് മാർക്കറ്റ്, മൂത്രപ്പുരകൾ എന്നിവ ലേലത്തിൽ പിടിച്ചിട്ടുള്ളവർ അതിലെ കറന്റ്/വെള്ളക്കരം ലഭിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ നേരിട്ട് ഇലക്ട്രിസിറ്റി/വാട്ടർ അതോറിറ്റി ഓഫീസിൽ അടച്ചിരിക്കേണ്ടതും അപ്രകാരം ചെയ്യുന്നുണ്ടെന്ന് മാസം തോറും സെക്രട്ടറിയെ ബോധ്യപ്പെടുത്തണമെന്നും വർഷാവസാനം ടി ഇനങ്ങളിൽ കുടിശ്ശിക ഇല്ല എന്നു ബോധ്യമായതിനു ശേഷം മാത്രം ഡെപ്പോസിറ്റ് തുക തിരികെ നൽകുകയുള്ളൂ എന്നും ലേല നിബന്ധനകളിൽ വ്യവസ്ഥയുണ്ട്. എന്നാൽ 2010–11 സാമ്പത്തിക വർഷം വെള്ളം/വൈദ്യുതി ഇനങ്ങളിൽ തനതു ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ക്രമ നം | വൗച്ചർ നം | ഇനം | തുക | ചെക്ക് നം |
|---|---|---|---|---|
| 1 | 1343/03<br>10-11 | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് കറന്റ് ചാർജ്ജ്, ആർ.ആർ തുക ഡെപ്യൂട്ടി തഹസീൽദാർക്ക് (ചിറയിൻകീഴ്) നൽകിയത് | 16313 | 887936<br>09.03.2011 |
| 2 | 1413/03<br>10-11 | എം-16-നം കടമുറിയുടെ കറന്റ് ചാർജ്ജ് | 550 | |
| 3 | 1047/12<br>10-11 | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് കറന്റ് ചാർജ്ജ് കുടിശ്ശിക | 10920 | |
| 4 | 92-4<br>10-11 | ക്യാന്റീൻ ബ്ലോക്ക് കറന്റ് ചാർജ്ജ് | 6382 | |
| 5 | 529/9<br>10-11 | പ്രൈവറ്റ് ബസ് സ്റ്റാൻഡ് വാട്ടർ ചാർജ്ജ് കുടിശ്ശിക (2009-10) | 29543 | 795753<br>16.09.10 |
| 6 | 1207/02<br>10-11 | പാപനാശം പാർക്കിംഗ് & കംഫർട്ട് സ്റ്റേഷൻ - വെള്ളക്കര കുടിശ്ശിക (2009-10) | 32626 | 887878<br>07.02.11 |
| 7 | 776/11<br>10-11 | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്, കറന്റ് ചാർജ്ജ് | 3573 | 795809<br>06.11.2010 |
| 8 | - | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്, കറന്റ് ചാർജ്ജ് | 4657 | 844904<br>12.01.2011 |
| | | ആകെ | 104564 | |

ചെലവു തുകകൾ തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 7 തീയതി 14.02.2013) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3.2. <u>നിക്ഷേപത്തുകകൾ മടക്കി നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. 577714/- രൂപ തടസ്സപ്പെടുത്തുന്നു.</u>

നഗരസഭയിൽ വിവിധ ലേലങ്ങൾക്കും മരാമത്തു പണികൾക്കും തുകകൾ ഡെപ്പോസിറ്റ് ചെയ്തവർക്ക് ആയതു മടക്കി നൽകുമ്പോൾ അവശ്യം പാലിക്കേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചു കാണുന്നില്ല. ഡെപ്പോസിറ്റ് തുക ഒടുക്കിയതിന്റെ അസ്സൽ രസീതോ, രസീത് നഷ്ടപ്പെട്ട പക്ഷം മുദ്രപ്പത്രത്തിൽ സത്യവാങ്മൂലമോ ഹാജരാക്കാതെ തന്നെ തുകകൾ തിരികെ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക | കൈപ്പറ്റിയ വ്യക്തി/ഇനം |
|---|---|---|---|
| 1 | 130/05.10.11 | 1500 | അനിരുദ്ധൻ, ഠൗൺ ഹാൾ വാടക - റീഫണ്ട് |
| 2 | 62/04.10.11 | 500000 | ഉണ്ണി - എസ് 11 കടമുറിയുടെ ഡെപ്പോസിറ്റ് |
| 3 | 221/07.10.11 | 23803 | വിനോദ് - പുന്നമൂട് എസ് 12 കടമുറിയുടെ ഡെപ്പോസിറ്റ് റീഫണ്ട് |
| 4 | 210/07.10.11 | 1500 | രാജശേഖരൻ പിള്ള, ഠൗൺ ഹാൾ വാടക റീഫണ്ട് |
| 5 | 335/08.10.11 | 37744 | ധർമ്മശീലൻ നായർ, പുന്നമൂട് എസ് 4 കടമുറി ഡെപ്പോസിറ്റ് റീഫണ്ട് |
| 6 | 1365/03.10.11 | 13167 | പുന്നമൂട് മാർക്കറ്റ് ലേലം |
| | ആകെ | 577714 | |

LOCAL FUND AUDIT DEPARTMENT

ഓഡിറ്റ് എൻക്വയറി പ്രകാരം (നം. 4 തീയതി 13.02.2013) ആവശ്യപ്പെട്ടുവെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ ടി തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ടി ലേലക്കാർ തന്നെ തുകകൾ ഈടാക്കാനായി വീണ്ടും നഗരസഭയെ സമീപിക്കുന്ന പക്ഷം തുകകൾ വീണ്ടും വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടാകും. ഇപ്രകാരം വിതരണം ചെയ്ത 577714/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3.3. ഫൗണ്ടേഷന് ലവലിംഗ് - അധിക അളവിനു തുക നൽകി.

ടെക്നിക്കൽ സർക്കുലർ, ടി.സി.നം. 1/94/20.01.94 ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), തിരുവനന്തപുരം നിർദ്ദേശപ്രകാരം ബിൽഡിംഗുകൾക്കുള്ള ഫൗണ്ടേഷന് ലെവലിംഗ് കോഴ്സ് 1:4:8 സിമന്റ് കോൺക്രീറ്റ് 15 സെ.മീ. കനത്തിൽ മാത്രമേ ചെയ്യേണ്ടതുള്ളൂ എന്നാൽ താഴെപറയുന്ന പ്രവൃത്തിക്ക് അധികം കനത്തിൽ ചെയ്തതിന് തുക നൽകിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| പദ്ധതി | : | താലൂക്ക് ആശുപത്രി ലേബർ റൂം പുനരുദ്ധാരണം. |
| പ്രോജക്ട് നം | : | 49/11 |
| അടങ്കൽ തുക | : | 367620 (തനതു ഫണ്ട്) |
| | : | 1671000 (മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവുതുക | : | 712615 (മെയിന്റനൻസ് ഗ്രാന്റ്) ബിൽ നം. 9/10/06.02.11 (കോൺട്രാക്ടർ എസ്.എസ്.പവനന് പാർട്ട് ബില്ലായി 609093/- രൂപ നൽകി) |
| ഫയൽ നം | : | പി.ഡബ്ല്യൂ 1/12291/10 |
| എം.ബുക്ക് | : | 11/10-11 |
| എഗ്രിമെന്റ് നം | : | 8/17.08.10 |

മേൽ പ്രവൃത്തിയിൽ ഇനം 1 ആയി തറ നിരപ്പാക്കലും ഇനം 2 ഉറപ്പുള്ള മണ്ണിൽ ഫൗണ്ടേഷനുള്ള മൺപണിയും നടത്തിയിട്ടുണ്ട്.

**ഇനം. 3**

ഫൗണ്ടേഷന് 1:4:8 സിമന്റ് കോൺക്രീറ്റ് ചെയ്ത അളവ്

| | | |
|---|---|---|
| 2 x 15.45 x 1 x 0.25 | = | 7.72 |
| 3 x 8 x 1 x 0.25 | = | 6.00 |
| 2 x 3.2 x 1 x 0.25 | = | 1.60 |
| 1 x 5.05 x 1 x 0.25 | = | 1.26 |
| 1 x 1.25 x 1 x 0.25 | = | 0.31 |
| 1 x 3.10 x 1 x 0.25 | = | 0.77 |
| 2 x 3.3 x 1 x 0.25 | = | 1.65 |
| 1 x 7.6 x 1 x 0.25 | = | 1.90 |
| 2 x 2.45 x 1 x 0.25 | = | 1.22 |
| 1 x 0.95 x 1 x 0.25 | = | 0.23 |
| | = | $22.66 m^3$ |

| | | | |
|---|---|---|---|
| 1 x 12.45 x 2.2 x 0.20 = | 5.47 | | |
| 2 x 2.2 x 0.2 x 0.20 = | 0.17 | | |
| 2 x 1.8 x 0.2 x 0.20 = | 0.14 | | |
| 4 x 4 x 0.25 x 0.25 x 0.20= | 0.20 | | |
| | = | 5.98 $m^3$ | (28.64$m^3$–ന് പകരം 28.90$m^3$–നാണ് തുക നൽകിയിരിക്കുന്നത്) |
| | = | 28.64 $m^3$ | |
| നൽകിയ തുക | = | 28.9$m^3$ @ 2489/$m^3$ + 10% CP | |
| | = | 71932.10 + 7193.21 | |
| | = | 79125/- രൂപ | |

**1:4:8 സിമന്റ് കോൺക്രീറ്റ് അനുവദനീയമായ അളവ്**

| | | |
|---|---|---|
| 22.66/0.25 x 0.15 + 5.98/0.20 x 0.15 | = | 13.60 + 4.49 |
| | = | 18.09 $m^3$ |
| അധികം നൽകിയ അളവ് | = | 28.90 – 18.09 = 10.81 $m^3$ |
| അധികം നൽകിയ തുക | = | 10.81 $m^3$ @ 2489/$m^3$ + 10% CP |
| | = | 26906 + 2691 |
| | = | 29597 |
| കൂട്ടുക ടെണ്ടർ അധികം 22% | = | 6511 |
| ആകെ | = | 36108/- രൂപ |

സർക്കുലറിലെ നിർദ്ദേശത്തിനു വിരുദ്ധമായി അധികം ചെലവഴിച്ച 36108/- രൂപ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടയ്ക്കേണ്ടതാണ്.

(ബാധ്യത : എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയർ)

LOCAL FUND AUDIT DEPARTMENT

### 3.4. ലെവലിംഗ് അണ്ടുലേഷൻ – അധിക അളവിൽ ചെയ്തു.

ഐ.ആർ.സി സ്പെസിഫിക്കേഷൻ 3.1.1 പ്രകാരം ലെവലിംഗ് അണ്ടുലേഷൻ ലെസ്ദാൻ 20 എം.എം–ന് പ്രത്യേക ലവലിംഗ് കോഴ്സ് ആവശ്യമില്ല. ലെവലിംഗ് ചെയ്യേണ്ട ഏരിയായുടെ 20% ചിപ്പിംഗ് കാർപ്പറ്റിനുള്ള മെറ്റൽ അധികമായി ഉപയോഗിച്ചാൽ മതിയെന്നു വ്യക്തമാക്കുന്നു. ആയതിന് 3.1.1.1 പ്രകാരമുള്ള നിരക്കും നൽകാവുന്നതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ 10–11 വർഷത്തിൽ നടത്തിയിട്ടുള്ള റോഡ് റീ ടാറിംഗ് പ്രവൃത്തികളിൽ 36 എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് അണ്ടുലേഷൻ നടത്തിയതിനുപുറമെ 20 എം.എം കുറവുള്ള ലെവലിംഗ് അണ്ടുലേഷൻ ലെവലിംഗ് ചെയ്യേണ്ട ഏരിയായുടെ മുഴുവൻ ഭാഗവും ചിപ്പിംഗ് കാർപ്പറ്റിനുവേണ്ട 12 എം.എം മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് അണ്ടുലേഷൻ നടത്തി കാണുന്നു. ഇത്തരത്തിൽ ചെയ്തതുമൂലം അധികം നൽകേണ്ടിവന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം, അടങ്കൽ തുക, കോൺട്രാക്ടർ, ഫയൽ നം | ചെലവു തുക, ബിൽ നം/എം. ബുക്ക് | 12 എം.എം. മെറ്റൽ | | ലെവലിംഗ് അണ്ടുലേഷൻ നടത്തിയതിന് | | അധികം | |
|---|---|---|---|---|---|---|---|---|
| | | | നൽകിയ അളവ്/തുക | നൽകേണ്ട അളവ്/തുക @ 1678/എം$^3$ [(ലെവലിംഗ് ഏരിയയുടെ 20% (0.027+0.009)] | നൽകിയ അളവ്/തുക | നൽകേണ്ട അളവ്/തുക | 12 എം. എം.മെറ്റൽ | ലെവലിംഗ് |
| 1 | മുണ്ടയിൽ വാച്ചർ മുക്ക് റോഡ് റീടാറിംഗ്<br>37/11,<br>323000 (മെയിന്റനൻസ് ഗ്രാന്റ്)<br>69000 (തനതു ഫണ്ട്)<br>വിശ്വനാഥകുറുപ്പ്<br>(0.01% കുറവ്)<br>പി.ഡബ്ല്യൂ1/12309/10 | 148161 (മെ.ഗ്രാ)<br>13/10<br>18.03.11<br>165985/- രൂപ (ബിറ്റുമിൻ)<br>9/10-11 | 6.238 എം$^3$<br>@ 1678<br>10467/- രൂപ | 20 X 6.238 X 0.036<br>100 0.018<br>= 2.495 എം$^3$<br>@ 1678<br>= 4187 | @ 2523/ എം$^3$<br>6.238 എം$^3$<br>15738/- രൂപ | 2.495 എം$^3$<br>6295/-രൂപ | 6280 | 9443<br>= 15723<br>- ടെണ്ടർ കുറവ് 2<br>15721 |
| 2 | വാവുകട - ആലിയിറക്കം റോഡ് റീടാറിംഗ്<br>36/11,<br>685328 (മെയിന്റനൻസ് ഗ്രാന്റ്)<br>199672 (തനതു ഫണ്ട്)<br>ബി.സർജൻ (15.66% കുറവ്)<br>പി.ഡബ്ല്യൂ1/12287/10 | 346515(മെ.ഗ്രാ)<br>16/10<br>30.03.11<br>6/10-11 | 9 എം$^3$<br>15102/- രൂപ | 20 X 9.108 X 0.036<br>100 0.018<br>= 3.643 എം$^3$<br>= 6113/- രൂപ | @ 2883.34<br>9 എം$^3$<br>25950/- രൂപ | 3.643 എം$^3$<br>10504/-രൂപ | 8989 | 15446<br>= 24435<br>- ടെണ്ടർ കുറവ് 3827<br>20608 |
| 3 | ചെറുകുന്നം - മാടൻകാവ് റോഡ് റീടാറിംഗ്<br>34/11,<br>170000 (തനതു ഫണ്ട്)<br>640000 (മെയിന്റനൻസ് ഗ്രാന്റ്)<br>കെ.വിശ്വനാഥകുറുപ്പ്<br>(15.12% കുറവ്)<br>പി.ഡബ്ല്യൂ1/12307/10 | 308731<br>12/10<br>31.03.11<br>14/10-11 | 3.5 എം$^3$<br>5873/- രൂപ | 20 X 3.545 X 0.036<br>100 0.018<br>= 1.418 എം$^3$<br>= 2379/- രൂപ | 3.5 എം$^3$<br>8831/- രൂപ<br>(36 എം.എം ഉപയോഗിച്ച് 10 എം$^3$ ലെവലിംഗ് നടത്തി) | 1.418 എം$^3$<br>3578/-രൂപ | 3494 | 5253<br>= 8747<br>- ടെണ്ടർ കുറവ് 1323<br>7424 |

LOCAL FUND AUDIT DEPARTMENT

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | കാരമുക്ക് – കാരവീട് റോഡ് റീടാറിംഗ്<br>24/11,<br>427000 (വികസന ഫണ്ട്)<br>133000 (തനതു ഫണ്ട്)<br>സുഗുണാനന്ദൻ<br>(എസ്റ്റിമേറ്റ് നിരക്ക്)<br>പി.ഡബ്ല്യൂ1/12290/10 | 289218<br>15/10<br>28.03.13<br>15/10–11 | 9.8 എം$^{3}$<br>16444/– രൂപ | 20 X 9.803 X 0.036<br>100 0.019<br>=3.175 എം$^{3}$<br>= 6234 | 9.8 എം$^{3}$<br>24725 | 3.715 എം$^{3}$<br>9373 | 10210 | 15352<br>= 25562 |
| 5 | ചാലുവിള കനാൽ റോഡ് റീടാറിംഗ്<br>29/11,<br>216000 (വികസന ഫണ്ട്)<br>81000 (തനതു ഫണ്ട്)<br>സുഗുണാനന്ദൻ (16% കുറവ്) | 88218<br>16/10<br>31.03.11<br>31/10–11 | 3.5 എം$^{3}$<br>5873/– രൂപ | 20 X 3.56 X 0.036<br>100 0.018<br>= 1.424 എം$^{3}$<br>= 2389/– രൂപ | 3.5 എം$^{3}$<br>8831/– രൂപ | 1.424 എം$^{3}$<br>3593/–രൂപ | 3484 | 5238<br>= 8722<br>– ടെണ്ടർ കുറവ് 1396<br>7326 |
| | **ആകെ** | | | | | | | **76641/– രൂപ** |

ഐ.ആർ.സി.സ്പെസിഫിക്കേഷനു വിരുദ്ധമായി അധികം ചെലവഴിച്ച 76641/– രൂപ നിരാകരിക്കുന്നു. ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

(ബാധ്യത – എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയറും, മെഷർമെന്റ് എടുത്ത മുനിസിപ്പൽ എഞ്ചിനീയറും)

LOCAL FUND AUDIT DEPARTMENT

### 3.5. ലെവലിംഗ് അണ്ടുലേഷൻ – അധിക നിരക്കിൽ തുക നൽകി.

2010 – 2011 വർഷത്തിൽ നടപ്പാക്കിയ റോഡ് റീ – ടാറിംഗ് പദ്ധതികളിൽ ലെവലിംഗ് അണ്ടുലേഷൻ ലെസ് ദാൻ 20 എം.എം–നു നൽകിയിട്ടുള്ള നിരക്ക് (അനുവദനീയമായത്) 2523/$m^3$ ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് ഇതേ ഇനത്തിന് 2883.34/$m^3$ നിരക്ക് നൽകിയിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തി | : | വാവുകട ആലിയിറക്കം റോഡ് റീടാറിംഗ് |
| പ്രോജക്ട് നം | : | 36/11 അടങ്കൽ – 685328 (മെയിന്റനൻസ് ഗ്രാന്റ്) 199672 (തനതു ഫണ്ട്) |
| ചെലവ് തുക | : | 346515 (ബിൽ നം. 16/10, 30.03.11) |
| ഫയൽ നം | : | പി.ഡബ്ല്യൂ1/12287/10 |
| കരാറുകാരൻ | : | ബി.സർജൻ (15.66% കുറവ്) |
| എം.ബുക്ക് | : | 6/10–11 |

**നൽകിയ തുക**

| | | |
|---|---|---|
| **ഇനം 9** | : | ലെവലിംഗ് അണ്ടുലേഷൻ ലെസ് ദാൻ 20 എം.എം |
| | : | $9m^3$ @ 2883.34/$m^3$ 25950/- രൂപ |
| നൽകേണ്ട തുക | : | |
| $9m^3$ @ 2523 | : | 22707 |
| അധികം നൽകിയ തുക | : | 25950 – 22707 |
| | : | 3243/– |
| (–) ടെണ്ടർ കുറവ് | : | 508/– |
| | : | 2735/– |

അധികം നൽകിയ തുക തെറ്റായ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി നിർദ്ദിഷ്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.
(ബാധ്യത :– എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയർ)

### 3.6. ഡി.പി.സി അംഗീകാരം ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കി.

ഗവ.സർക്കുലർ 4676/പി3/99/തസ്വഭവ തീയതി 10.01.2000 അനുസരിച്ച് മുനിസിപ്പാലിറ്റി പെറ്റിവർക്കുകൾക്ക് അനുവദനീയമായ പരമാവധി തുക 50,000/– ആണ്. എന്നാൽ 2010–11 സാമ്പത്തിക വർഷത്തിൽ ധാരാളം പദ്ധതികൾ 50,000/– രൂപയിലധികം തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്.വാങ്ങുകയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മുൻകൂർ അനുമതി വാങ്ങിക്കാതെയും ഡി.പി.സി അംഗീകാരം ലഭ്യമാക്കാതെയും നടപ്പിലാക്കിയതായും ചില പദ്ധതികൾ എഗ്രിമെന്റ് വച്ചതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ക്രമ നം | പദ്ധതി/ എഗ്രിമെന്റ് | എസ്റ്റിമേറ്റ് തുക/കരാറുകാരൻ/ എം.ബുക്ക്/ഫയൽ നം | ചെലവു തുക | ചെക്ക് നം തീയതി |
|---|---|---|---|---|
| 1 | ഖരമാലിന്യ പ്ലാന്റിൽ ഇലക്ട്രിഫിക്കേഷൻ<br>29/03.09.10 | 53,000/- രൂപ,<br>പി.ശശിധരൻ (കൺവീനർ), 4/10-11<br>(എം.ബുക്ക് ഹാജരാക്കിയില്ല)<br>പി.ഡബ്ല്യൂ.1/15360/10 | 52878/-<br>(തനത്) | 495785<br>01.10.10<br>(49935/- രൂപ + നികുതി 2943) |
| 2 | എം.ജി.കോളനിയിലെ അംഗനവാടിക്ക് ചുറ്റുമതിൽ<br>3/19.05.10 | 68,000/- രൂപ<br>പ്രദീപ്<br>01/10-11<br>പി.ഡബ്ല്യൂ.1/9868/09 | 58824/-<br>(തനത്) | 795750<br>14.09.10<br>(55787/- രൂപ + നികുതി 3137) |
| 3 | ഇടപ്പറമ്പ് ഭഗവതി ക്ഷേത്രം റോഡ് പാച്ച് വർക്ക്<br>6/26.05.10 | 62000/- രൂപ<br>വിശ്വനാഥകുറുപ്പ്<br>17/05-06<br>പി.ഡബ്ല്യൂ.1/1890/10 | (0.01 കുറച്ച്) | (തൻവർഷം 19379/- രൂപയുടെ ബിറ്റുമിൻ നൽകി) |
| 4 | ശാന്തിഗിരി തൊടുവേ റോഡ്<br>11/16.06.10 | 90,000/- രൂപ<br>ശ്രീ.അനീഷ് (ഇ.ആർ)<br>പി.ഡബ്ല്യൂ.1/8733/10 | | 10-11 വർഷം പ്രവർത്തി നടന്നില്ല. |
| 5 | 116-ാം നമ്പർ അംഗനവാടി മെയിന്റനൻസ്<br>7/27.05.10 | 93000/-<br>എൻ.സുരേഷ്<br>പി.ഡബ്ല്യൂ.1/10154/03 | | 10-11 വർഷം പ്രവർത്തി നടന്നില്ല. |
| 6 | ശിവഗിരി ഹൈസ്ക്കൂളിനു പുറകുവശത്തുള്ള ഗോവർദ്ധനഗിരി റോഡ് മെറ്റലിംഗ് & ടാറിംഗ്<br>10/16.06.10 | 410000/- രൂപ<br>അനീഷ്.എ.എസ്<br>എം.ബുക്ക് 2/10-11<br>പി.ഡബ്ല്യൂ.1/8732/10 | | 10-11 വർഷം ചെലവില്ല. പൂർത്തീകരണ കാലാവധി 25.08.11 വരെ ദീർഘിപ്പിച്ചു. പ്രവൃത്തി മൂല്യം 401778/- രൂപ |
| 7 | കല്ലംകോണം സ്റ്റാർ സിനിമ തിയേറ്റർ വന ദുർഗ്ഗാക്ഷേത്രം റോഡ് ടാറിംഗ്<br>5/19.08.10 | 334000/-<br>സുഗുണാനന്ദൻ | | പ്രവൃത്തി ചെയ്യാതെ കരാറുകാരൻ ഒഴിഞ്ഞു |
| 8 | ഹോമിയോ ആശുപത്രി മെയിന്റനൻസ്<br>24/03.09.10 | 279000/- (തനത്)<br>കെ.അശോകൻ<br>03/10-11<br>പി.ഡബ്ല്യൂ.1/11925/10 | | 21/10/10,ചെക്ക് മെഷർ ചെയ്തു. ആകെ പ്രവൃത്തി മൂല്യം 244680(തൻ വർഷ തുക നൽകിയില്ല.) |

LOCAL FUND AUDIT DEPARTMENT

മേൽപദ്ധതികൾ ഡി.പി.സി. അംഗീകാരം വാങ്ങാതെ നടപ്പിലാക്കിയതിന് വിശദീകരണം ആരാഞ്ഞ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ബോധ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്രമ നം. 1, 2, 3 എന്നിവ പ്രകാരം 10-11 വർഷത്തിൽ ചെലവായ 131081/- രൂപ

തടസ്സം ചെയ്യുന്നു. റിപ്പോർട്ട് കിട്ടി ആദ്യ മറുപടിയോടൊപ്പം ചെലവിനുള്ള സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറുടെ ബാധ്യതയാകുന്നതാണ്. കൂടാതെ ഭാവിയിൽ ഇത്തരം പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 3.7. രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയർ 2010-11 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പ്രോജക്ട്, എം.ബുക്ക്, വർക്ക് ബില്ല് മറ്റു അനുബന്ധ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 21 പ്രകാരം ആവശ്യപ്പെട്ടിരുന്നു.)

| ക്രമ നം | പ്രവൃത്തി | പ്രോജക്ട് നം | ചെലവു തുക | ബിൽ നം/തീയതി |
|---|---|---|---|---|
| 1 | രാമന്തളി ഇടതു ഡ്രയിനേജ് പ്രവൃത്തി | 56/10 | 520729/- (വികസന ഫണ്ട്) | 1/10 08.06.10 |
| 2 | ജനാർദ്ദനപുരം ലക്ഷംവീട് അംഗനവാടി നിർമ്മാണം | 21/10 | 20192/- (വികസന ഫണ്ട്) | 2/10 21.07.10 |
| 3 | കലാംറോഡ് മെറ്റലിംഗ് & ടാറിംഗ് | 45/10 | 228118/- (വികസന ഫണ്ട്) | 2/10 21.07.10 |
| 4 | കല്ലംകോണം ദുർഗ്ഗാദേവി ക്ഷേത്രം റോഡ് ടാറിംഗ് | 16/10 | 177808/- (വികസന ഫണ്ട്) | 6/10 03.09.10 |
| 5 | ജനാർദ്ദനപുരം അംഗനവാടി ബാക്കി നിർമ്മാണം | 46/10 | 141688/- (മെയിന്റനൻസ് ഗ്രാന്റ്) | 3/10 21.07.10 |
| 6 | മോഡേൺ ക്ലിനിക്ക് റോഡ് കോൺക്രീറ്റ് | 58/10 | 205000/- | 11/10 07.02.11 |
| 7 | പാറയിൽ വാത്തിവിളറോഡ് റീ ടാറിംഗ് | 38/10 | 205567/- | 12/10 31.03.11 |
| | **ആകെ** | | **1499102/-** | |

LOCAL FUND AUDIT DEPARTMENT

മേൽകാണിച്ച 14,99,102/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം തുക ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറുടെ ബാധ്യതയാവുന്നതാണ്.

### 3.8. പ്രവൃത്തി നടത്താതെ ഒഴിഞ്ഞ കരാറുകാർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകി.

സർക്കുലർ നം. 4593/-എഫ്3/03/പി.ഡബ്ല്യൂ.ഡി/ തീയതി 07.03.2003 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിച്ചശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് പുതിയ പ്രവൃത്തിക്കായി മാറ്റാം എന്നു നിർദ്ദേശിക്കുന്നു. എന്നാൽ പ്രവൃത്തികൾക്കായി എഗ്രിമെന്റ് വച്ചശേഷം തൻവർഷം പ്രവൃത്തി നടത്താതെ ഒഴിഞ്ഞ കരാറുകാർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകിയിട്ടുണ്ട്. തനതുഫണ്ട് വകക്കൊള്ളിച്ചു പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡി.പി.സി അംഗീകാരം ലഭ്യമാക്കാതെയും കൗൺസിലിന്റെ അനുമതി ലഭ്യമാക്കാതെ ടെണ്ടർ ചെയ്തു കരാറുകാരനുമായി എഗ്രിമെന്റ് വച്ചശേഷം പണി നടത്താതെ ഒഴിയുകയും തുടർന്ന്

സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകുകയും ചെയ്യുന്ന പ്രവണത തുടർന്നു കാണുന്നു. നഗരസഭയുടെ തനതു വരുമാനങ്ങൾക്കനുസരിച്ച് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും നിലവിലുള്ള സർക്കാർ ഉത്തരവുകളും പി.ഡബ്ല്യൂ.ഡി സർക്കുലറുകളും പാലിക്കുന്നതിനും ബന്ധപ്പെട്ട ഭരണസമിതിയും മുനിസിപ്പൽ സെക്രട്ടറി, എഞ്ചിനീയർ എന്നിവരും ശ്രദ്ധിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭാരത പ്രസ്സ് തൊടുവയിൽ റോഡ് (ഫയൽ നം. പി.ഡബ്ല്യൂ1/821/ ഡി.പി.സി അംഗീകാരം വാങ്ങിയിട്ടില്ല) 27600/- രൂപ എസ്റ്റിമേറ്റിന് 15.01.10-ലെ നം (4) തീരുമാനപ്രകാരം അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചു. ശ്രീ.എം.സുഗുണാനന്ദന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ 30.03.10-ലെ 2-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചു. (എഗ്രിമെന്റ് നം. 2/10.05.10) എന്നാൽ 2010-11 വർഷത്തിൽ കരാറുകാരൻ പ്രവൃത്തി നടത്തിയില്ല. തനതു ഫണ്ടിൽ നിന്നും തുക ലഭിക്കാനുള്ളതിനാൽ പ്രവൃത്തി ചെയ്യുവാൻ നിർവ്വാഹമില്ല എന്ന അപേക്ഷ സ്വീകരിച്ച് 24.09.11-ലെ 10-ാം നമ്പർ തീരുമാനപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകി.

2. **<u>കൈതക്കോണം റോഡ് റീടാറിംഗ്</u>**

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | : | 200000/- (തനത് ഫണ്ട്) |
| കരാറുകാരൻ | : | കെ.അശോകൻ (6.6% കുറച്ച്) |
| എഗ്രിമെന്റ് നം | : | 23/10-11, 03.09.10 |

24/09/11-ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം സെക്യൂരിറ്റി തിരികെ നൽകി. ഡി.പി.സി അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതും 2010-2011 ൽ കരാറുകാരൻ പണി നടത്താതെ ഒഴിഞ്ഞിട്ടുള്ളതുമാണ്.

### 3.9. <u>ബി ഫണ്ട് രേഖകൾ ഹാജരാക്കിയില്ല. 7226729/- രൂപ തടസ്സം ചെയ്യുന്നു.</u>

2010-2011 സാമ്പത്തിക വർഷത്തെ വർക്കല മുനിസിപ്പാലിറ്റിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി ചുവടെ ചേർക്കും പ്രകാരം തുകകൾ വരവു വന്നിട്ടുണ്ട്. ആയതു പ്രകാരമുള്ള ചെലവും ചുവടെ ചേർക്കുന്നു.

| ഇനം | വരവ് തുക | ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 153090 | 123690 |
| വിധവാ പെൻഷൻ | 3201017 | 3113167 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45680 | 45680 |
| വികലാംഗ പെൻഷൻ | 1419507 | 1485087 |
| വാർദ്ധക്യകാല പെൻഷൻ | 2526905 | 2459105 |
| **ആകെ** | **7346199** | **7226729** |

എന്നാൽ വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനായി പിൻവലിച്ച തുകകൾ, അവയുടെ വിതരണം, തിരിച്ചടവ് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധ

LOCAL FUND AUDIT DEPARTMENT

നയ്ക്ക് ലഭ്യമാക്കണമെന്ന് രേഖാമൂലം (എൻക്വയറി നം.2 തീയതി 13.02.2013, എൻക്വയറി നം. 13 തീയതി 18.02.13) ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 1997–ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്നു കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനങ്ങളിൽ എത്താവുന്നതുമാണ്. പ്രസ്തുത സാഹചര്യത്തിൽ വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിലേയ്ക്ക് ചെലവഴിച്ച 7226729/– രൂപ തടസ്സം ചെയ്യുന്നു. തടസ്സത്തിനു നിദാനമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ബി–ഫണ്ട് സംബന്ധിച്ച മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. മണിയോർഡർ ആയി അയയ്ക്കുന്ന വിവിധ ക്ഷേമപെൻഷനുകളെ സംബന്ധിക്കുന്ന വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
3. ഓരോ സാമ്പത്തിക വർഷത്തിലും വിവിധ ക്ഷേമ പെൻഷനുകൾ സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ അവ അനുവദിച്ചതും നിരസിച്ചതും സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.
4. മണി ഓർഡർ റിട്ടേൺ രജിസ്റ്റർ ശരിയായ രേഖപ്പെടുത്തലുകൾ വരുത്തി എഴുതി സൂക്ഷിക്കുന്നില്ല.

**3.10. <u>രേഖകൾ ഹാജരാക്കിയില്ല – 200000/– രൂപ തടസ്സം ചെയ്യുന്നു.</u>**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഗവ. ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട് നമ്പർ | : | 41/10 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ (ഗവ.ഹോമിയോ ആശുപത്രി) |
| അടങ്കൽ തുക | : | 200000/ (വികസന ഫണ്ട്) |

2010–11 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗവ.ഹോമിയോ ആശുപത്രിയ്ക്കു മരുന്നുവാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി വികനഫണ്ട് 200000/– രൂപ വകയിരുത്തുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടും ആയതിന്റെ ചെലവു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ 18.03.2013–ലെ എൻക്വയറി നം. 12 പ്രകാരം ആവശ്യപ്പെട്ടതിൽ മറുപടി ലഭ്യമാക്കുകയോ, ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 200000/– രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

**3.11. <u>രേഖകൾ ഹാജരാക്കിയില്ല. 972500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.</u>**

2010-11 സാമ്പത്തിക വർഷത്തിൽ എസ്.സി.ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക (വികസന ഫണ്ട്) | ചെലവ് |
|---|---|---|---|
| 33 | വീട് ഗുണമേൻമാ വർദ്ധനവ് | 1000000 | 830000 |
| 52 | ഭവന നിർമ്മാണം | 80000 | 30000 |
| 54 | വീട് വയറിംഗ് | 10000 | 10000 |
| 55 | കക്കൂസ് നിർമ്മാണം | 102500 | 102500 |
| **ആകെ** | | | **972500** |

ഇത് സംബന്ധിച്ച് 14.02.2013-ലെ എൻക്വയറി നം. 6 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിൽ ടി പ്രോജക്ടുകൾ 19.04.12-ൽ നഗരസഭാ സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ടെന്നും ആയവ തിരികെ ലഭിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ 972500/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുടർ നടപടികൾക്ക് ശിപാർശ ചെയ്യുന്നതാണ്.

**3.12. <u>ഫയലുകൾ ഹാജരാക്കിയില്ല. 1452873/- രൂപ തടസ്സപ്പെടുത്തുന്നു.</u>**

2010-2011 സാമ്പത്തിക വർഷം വിവിധ മരാമത്തു പണികൾക്കായി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ പണികൾ തനതു ഫണ്ടുപയോഗിച്ച് ചെയ്തവയാണെങ്കിലും ഏത് വർഷത്തെ പണികളായിരുന്നുവെന്നു പോലും വ്യക്തമല്ല.

| ക്രമ നം | വൗച്ചർ നം | ഇനം/ഫയൽ നം | തുക | ചെക്ക് നം |
|---|---|---|---|---|
| 1 | 15/04.10.11 | എൽ.പി.ജി.എസ്. കുരയ്ക്കന്നി ക്ലാസ് റൂം നിർമ്മാണം | 143610 | <u>014001</u> 06.04.2010 |
| 2 | 59/04/10.11 | റോഡ് റീടാറിംഗ് | 29102 | <u>014018</u> 19.04.2010 |
| 3 | 105/05/10.11 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | 7553 | <u>014054</u> 14.05.2010 |
| 4 | 106/05/10.11 | കനാൽ റോഡിൽ ഓടയും കലുങ്കും | 9408 | <u>014055</u> 14.05.2010 |
| 5 | 114/05/10.11 | അഡീഷണൽ ക്ലാസ് റൂം നിർമ്മാണം എൽ.പി.ജി.എസ് | 232526 | <u>014062</u> 19.05.2010 |
| 6 | 163/06/10.11 | കനാൽ റോഡിൽ ഓട, കലുങ്ക് നിർമ്മാണം | 32093 | <u>014092</u> 17.06.2010 |
| 7 | 190/07/10.11 | വിളക്കുളം 119-ാം നം | 22436 | <u>677067</u> |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| | | അംഗനവാടി നിർമ്മാണം | | 03.07.2010 |
| 8 | 200/07/10.11 | പുത്തൻചന്ത ടെലി ഫോൺ എക്സേഞ്ച് റോഡ് | 47952 | 677071<br>07.07.2010 |
| 9 | 231/07/10.11 | കാരമൂട് – കണമ്പ റോഡ് റീടാറിംഗ് | 69072 | 677095<br>26.07.2010 |
| 10 | 232/07/10.11 | തമ്പാൻകോണം, കലുങ്ക് ഓട, റോഡ് റിപ്പയറിംഗ് | 47155 | 677095<br>26.07.2010 |
| 11 | 336/08/10.11 | പുന്നമൂട് പി.എച്ച് സെന്റർ ചുറ്റുമതിൽ നിർമ്മാണം | 103792 | 677112<br>17.08.10 |
| 12 | 351/08/10.11 | തുരപ്പുമുഖം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം റോഡ് പാച്ച് വർക്ക് | 27528 | 677120<br>21.08.10 |
| 13 | 372/08/10.11 | പടയാർന്ന വിള റോഡ് റീടാറിംഗ് | 24650 | 677120<br>21.08.10 |
| 14 | 373/08/10.11 | കാഞ്ഞിരംവിള – രണ്ടി ടവഴി റോഡ് നിർമ്മാണം | 62198 | 677124<br>21.08.2010 |
| 15 | 378/08/10.11 | ഓടയം കല്ലുവിള റോഡ് പാച്ച് വർക്ക് | 40330 | 677124<br>21.08.2010 |
| 16 | 379/08/10.11 | തൊടുവേ – റെയിൽവേ സ്റ്റേഷൻ റോഡ് റീടാറിംഗ് | 9220 | 677124<br>21.08.2010 |
| 17 | 384/08/10.11 | ഡീസന്റ് മുക്ക് പട്ടുവിള റോഡ് നിർമ്മാണം | 18049 | 677135<br>21.08.2010 |
| 18 | 385/08/10.11 | കുന്നുവിള – വിളക്കുളം റോഡ് റീടാറിംഗ് | 17833 | 677135<br>21.08.2010 |
| 19 | 386/08/10.11 | വിതുക്കുളം പള്ളി തെക്കുംഭാഗം റോഡ് പണി | 5160 | 677135<br>21.08.2010 |
| 20 | 427/09/10.11 | ഓഫീസ് കെട്ടിടം മെയിന്റനൻസ് റീ വയ റിംഗ് | 206211 | 677152<br>03.09.10 |
| 21 | 448/09/10.11 | വസന്തപ്രസ് റോഡ് പാച്ച് വർക്ക് | 84067 | 677160<br>06.09.10 |
| 22 | 513/09/10.11 | എം.ജി.കോളനി അംഗ നവാടി ചുറ്റുമതിൽ നിർമ്മാണം | 55787 | 79575<br>14.09.10 |
| 23 | 794/11/10.11 | തേക്കുവിള റോഡ് സൈഡ് വാൾ നിർമ്മാണം | 14475 | 79582<br>11.11.2010 |
| 24 | 1270/02/10.11 | ഐ.ഒ.ബി കലുങ്ക് – ഓട നിർമ്മാണം | 99255 | 887918<br>25.02.11 |
| 25 | 1317/03/10.11 | ടീച്ചേഴ്സ് കോളനി റോഡ് മെയിന്റനൻസ് | 43411 | 887931<br>07.03.11 |
| | | **ആകെ** | **1452873** | |

LOCAL FUND AUDIT DEPARTMENT

മേൽപ്പറഞ്ഞ 25 പണികളുടെയും ബിൽ, എം.ബുക്ക് തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം നീക്കേണ്ടതാണ്.

### 3.13. സ്യൂട്ട് രജിസ്റ്റർ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

2010–2011 സാമ്പത്തിക വർഷം വിവിധ കേസുകളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി സ്യൂട്ട് രജിസ്റ്ററും അനുബന്ധ ഫയലുകളും എൻക്വയറി (നം. 4 തീയതി 13.02.13) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ചുവടെ ചേർക്കുന്ന ചെലവു തുകകൾ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ

| ക്രമ നം | വൗച്ചർ നം | ഇനം/ഫയൽ നം | തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | 203/07/10.11 | എസ്.എൽ. 30007/07 അഡ്വക്കേറ്റ് അജിത്ത്കുമാറിന് വക്കീൽ ഫീസ് നൽകിയത്. | 15500 | 677074 08.07.2010 |
| 2 | 240/07/10.11 | എൽ.എ.ആർ 19/04 നം. കേസിനു ആറ്റിങ്ങൽ സബ്കോടതിയിൽ ഒടുക്കിയത്. | 1417235 | 677100 30.07.2010 |
| 3 | 241/07/10.11 | എൽ.എ.ആർ. 12/04 കേസിൽ ആറ്റിങ്ങൽ സബ്കോടതിയിൽ ഒടുക്കിയത്. | 216790 | 677101 30.07.2010 |
| 4 | 358/08/10.11 | അഡ്വ.അജിത്ത് കുമാറിന് വക്കീൽ ഫീ നൽകിയത്. എസ്.എൽ. 3000/07 | 10000 | 677118 19.08.2010 |
| 5 | 357/08/10.11 | അഡ്വക്കേറ്റ് ദീപേഷിന് വക്കീൽ ഫീ നൽകിയത് എസ്.എൽ. 609/08 | 10000 | 677118 19.08.2010 |
| 6 | 1406/03/10.11 | ഡിക്രി തുക ഒടുക്കിയത് എൽ.എ.ആർ. 22/04 | 375287 | 887967 29.03.2011 |
| | ആകെ | | 2044812/- രൂപ | |

LOCAL FUND AUDIT DEPARTMENT

സ്യൂട്ട് രജിസ്റ്ററും അനുബന്ധ ഫയലുകളും ഹാജരാക്കി തടസ്സം ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 3.14. ലോഗ്ബുക്കുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല. 284681/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങളുടെ എണ്ണം, ഇനം, ലോഗ് ബുക്കുകൾ, ഡ്രൈവർമാരുടെ എണ്ണം തുടങ്ങിയവയുടെ വിശദാംശങ്ങൾ എൻക്വയറി പ്രകാരം (നം. 4 തീയതി 13.02.13) ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2010–11 സാമ്പത്തിക വർഷം തനതു ഫണ്ടിൽ നിന്നും വാഹന ഉപയോഗവു

മായി ബന്ധപ്പെട്ട് ചെലവഴിച്ച 284681/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | ഇനം | തുക | ചെക്ക് നം |
|---|---|---|---|---|
| 1 | 20 - 4/10-11 | ഡി.എൽ.ആർ.ഡ്രൈവർമാരുടെ 8 ദിവസത്തെ വേതനം | 1600 | 13692<br>06.04.10 |
| 2 | 27 - 4/10-11 | സി.ആർ.ആർ. ഡ്രൈവറുടെ വേതനം | 5200 | 13695<br>06.04.10 |
| 3 | 52-4/10-11 | ഡീസൽ വില | 47254 | 014013<br>16.04.10 |
| 4 | 72-4/10-11 | ഡീസൽ വില ജീപ്പ് | 27126 | 014028<br>26.04.10 |
| 5 | 73-4/10-11 | കാറിന്റെ സ്പെയർ പാർട്ട്സ് | 19592 | 014028<br>26.04.10 |
| 6 | 73-4/10-11 | കാറിന്റെ ലേബർ ചാർജ്ജ് | 8000 | 014028<br>26.04.10 |
| 7 | 96/05.10.11 | ജീപ്പ് റിപ്പയറിംഗ് | 3460 | 014043<br>07.05.2010 |
| 8 | 96/05.10.11 | ജീപ്പ് സർവ്വീസിംഗ് | 450 | 014043<br>07.05.2010 |
| 9 | 96/05.10.11 | ജീപ്പ് സ്പെയർ പാർട്ട്സ് | 1070 | 014043<br>07.05.2010 |
| 10 | 96/05.10.11 | ജീപ്പ് ലേബർ ചാർജ്ജ് | 400 | 014043<br>07.05.2010 |
| 11 | 107/05-10/11 | ടിപ്പർ ലോറി - ഇൻഷുറൻസ് | 17800 | 014059<br>24.05.10 |
| 12 | 127/05-10/11 | കാറിന്റെ ബാറ്ററി | 5300 | 014111<br>28.05.2010 |
| 13 | 148/6-10/11 | സി.എൽ.ആർ ഡ്രൈവർമാരുടെ വേതനം | 4800 | ലഭ്യമല്ല |
| 14 | 154/06-10/11 | അമ്പാസിഡർ എ.സി.റിപ്പയറിംഗ് | 16160 | ലഭ്യമല്ല |
| 15 | 172/06-10/11 | ലോറി - ഇൻഷുറൻസ് തുക | 6321 | ലഭ്യമല്ല |
| 16 | 257/08.10.11 | ചവർ വണ്ടി - സി.എൽ.ആർ ഡ്രൈവർമാരുടെ വേതനം | 1400 | ലഭ്യമല്ല |
| 17 | 341/08.10.11 | ടിപ്പർലോറി രജിസ്ട്രേഷൻ ഫീസ് | 4700 | 677103<br>04.08.10 |
| 18 | 342/08.10.11 | ജീപ്പ് - ഡീസൽ വില (6/09 - 12/09) | 23925 | 677115<br>18.08.10 |
| 19 | 395/08.10.11 | ഓയിൽ വില - ജീപ്പ് | 230 | 677115<br>18.08.10 |
| 20 | 511/09.10.11 | ഇൻഷുറൻസ് ജീപ്പ് | 4057 | 795748<br>14.09.10 |
| 21 | 512/09.10.11 | ഇൻഷുറൻസ് അമ്പാസിഡർ | 5858 | 795748<br>14.09.10 |
| 22 | 533/09.10.11 | റിപ്പയറിംഗ് അമ്പാസിഡർ | 631 | 795755<br>16.09.2010 |
| 23 | 631/10.10.11 | ടിപ്പർലോറിക്ക് സ്പീഡ് ഗവേർണർ | 15500 | 795770 |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| | | | | 01.10.10 |
| 24 | 756/10.10.11 | ജീപ്പ് – സർവ്വീസ് ചാർജ്ജ് | 300 | 795799<br>20.10.10 |
| 25 | 811/10.10.11 | കാർ റിപ്പയറിംഗ് | 100 | 795824<br>12.11.2010 |
| 26 | 865/10.10.11 | ജീപ്പ് – ഇൻഷുറൻസ് | 126 | 844738<br>20.11.10 |
| 27 | 866/10.10.11 | കാർ – ഇൻഷുറൻസ് | 1238 | 844738<br>20.11.10 |
| 28 | 867/10.10.11 | കാർ റിപ്പയറിംഗ് | 420 | 844738<br>20.11.10 |
| 29 | 1096/01.10.11 | കാർ റിപ്പയറിംഗ് | 183 | 844900<br>16.01.11 |
| 30 | 1110/01.10.11 | ജീപ്പ് റിപ്പയറിംഗ് | 2500 | 844913<br>18.01.11 |
| 31 | 1232/02.10.11 | കാറിന്റെ റിപ്പയറിംഗ് | 1780 | 887899<br>24.02.11 |
| 32 | 1257/02.10.11 | ജീപ്പിന്റെ റിപ്പയറിംഗ് | 1200 | 887911<br>24/02 |
| 33 | 1291/03.10.11 | കാറിന്റെ ഇന്ധനവില | 19582 | 887923<br>01.03.11 |
| 34 | 1293/03.10.11 | ജീപ്പിന്റെ ഇന്ധനവില | 17095 | 887925<br>04.03.2011 |
| 35 | 1359/03.10.11 | കാറിന്റെ റിപ്പയറിംഗ് | 19323 | 887948<br>14.03.2011 |
| **ആകെ** | | | **284681/– രൂപ** | |

വാഹനങ്ങളെ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനോ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനോ ബന്ധപ്പെട്ടവർ ശുഷ്കാന്തി കാട്ടിയില്ല. ആയതിനാൽ മേൽ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ താൽക്കാലിക തടസ്സത്തിന് വിധേയമാക്കുന്നു. ലോഗ്ബുക്ക്/അനുബന്ധ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

**3.15. <u>മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്താതെ തുക കൈമാറി – 171460/– രൂപ തടസ്സപ്പെടുത്തുന്നു.</u>**

2010–2011 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി നഗരസഭയിലെ ഉദ്യോഗസ്ഥർക്ക് തുകകൾ നൽകിയിട്ടുണ്ട്. ടി സംഖ്യകൾ മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെലവ് ക്രമീകരിക്കുകയോ ചെയ്തു കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ഇനം |
|---|---|---|---|
| 1 | 115/5/10.11 | 10000 | ശ്രീ.സുജിത്ത്, ജെ.എച്ച്.ഐ<br>ഹോമിയോ ആശുപത്രി ഉദ്ഘാടനം |
| 2 | 259/08/10.11 | 19060 | ശ്രീ.ബിജു, ജെ.എച്ച്.ഐ<br>കർക്കിടക വാവ് സജ്ജീകരണങ്ങൾ |
| 3 | 647/10/10.11 | 5000 | ശ്രീ.ബിജു, ജെ.എച്ച്.ഐ<br>ഗാന്ധിജയന്തി വാരാചരണം |
| 4 | 699/10/10.11 | 15000 | ശ്രീ.കുമാർ.ആർ, എൽ.ഡി.സി<br>ഇലക്ഷൻ ക്രമീകരണങ്ങൾ |

| | | | |
|---|---|---|---|
| 5 | 731/10/10.11 | 35000 | ശ്രീ.കുമാർ.ആർ, എൽ.ഡി.സി<br>ഇലക്ഷൻ ക്രമീകരണങ്ങൾ |
| 6 | 996/12/10.11 | 10000 | ശ്രീ.കുമാർ.ആർ, എൽ.ഡി.സി<br>ഇലക്ഷൻ ക്രമീകരണങ്ങൾ |
| 7 | 1036/12/10.11 | 1500 | ശ്രീ.എ.ഹാരിസ്, യു.ഡി.സി<br>സർക്കാർ കലണ്ടർ വാങ്ങുന്നതിന് |
| 8 | 1223/02/10.11 | 1500 | ശ്രീ.ബിജു.ജെ.എച്ച്.ഐ<br>കടന്നൽകൂട് നശീകരണം |
| 9 | 1228/02/10.11 | 1500 | ശ്രീ.കെ.ശശി,<br>റിക്കോർഡ് റൂം ക്രമീകരിക്കുന്നതിന് |
| 10 | 1258/02/10.11 | 25000 | ശ്രീ.എ.ഹാരിസ്, യു.ഡി.സി<br>സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് |
| 11 | 1267/02/10.11 | 20000 | ശ്രീ.എ.ഹാരിസ്, യു.ഡി.സി<br>ഗവ.താലൂക്ക് ആശുപത്രി ഉദ്ഘാടനം |
| 12 | 1294/03/10.11 | 27900 | ശ്രീ.ബിജു.ജെ.എച്ച്.ഐ<br>ജനാർദ്ദന സ്വാമി ക്ഷേത്രം ഉത്സവ പൂർവ്വ ശുചീകരണം. |
| **ആകെ** | | **171460** | |

ടി തുകകൾ ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിച്ചതായി കാണുന്നില്ല. ഇപ്രകാരം മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടാത്ത 171460/- രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. മുൻകൂറുകൾ ക്രമീകരിക്കാതെ തുക കൈവശം വച്ചിരുന്നാൽ ക്രമീകരിക്കാൻ വരുത്തുന്ന കാലതാമസം കൂടി കണക്കാക്കി പിഴപ്പലിശ കൂടി ഈടാക്കേണ്ടതാണ്. സബ് വൗച്ചറുകൾ ഹാജരാക്കി സമയപരിധിക്കുളളിൽ തടസ്സം ഒഴിവാക്കേണ്ടതാണ്.

**3.16. <u>ഇ.എം.എസ് ഭവന പദ്ധതി – ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച്.</u>**

2010–2011 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലുള്ള ജനറൽ – പട്ടികജാതി വിഭാഗങ്ങൾക്കായി ഇ.എം.എസ്.ഭവന നിർമ്മാണം എന്ന പദ്ധതി പ്രകാരം വികസന ഫണ്ട് 12895000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ജനറൽ</u>**

പ്രോജക്ട് നമ്പർ : 47/10
അടങ്കൽ തുക : 2575000/- (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥ : സി.ഡി.എസ്.മെമ്പർ സെക്രട്ടറി

**<u>എസ്.സി</u>**

പ്രോജക്ട് നമ്പർ : 63/10
അടങ്കൽ തുക : 10320000/- (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥ : സി.ഡി.എസ്. മെമ്പർ സെക്രട്ടറി

എന്നാൽ മേൽ പ്രോജക്ടിൽ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പേര്, വിലാസം | കൈപ്പറ്റിയ ഗഡു | ചെക്ക് നം, തീയതി |
|---|---|---|---|
| 1 | വസന്തകുമാരി<br>വടക്കേകുടിയാട്ടിൽ വീട് | 22500 | 2503/24.05.2010 |

LOCALFUND AUDIT DEPARTMENT

| | | | |
|---|---|---|---|
| | കുരയക്കണ്ണി | | |
| 2 | അംബുജാതൻ<br>കുന്നിൽതൊടി<br>കരുനിലയ്ക്കോട് | 22500 | 2549/27.05.2010 |
| 3 | ഇന്ദിര, പുത്തൻവീട്<br>പുല്ലാനിക്കോട് | 22500 | 2415/20.05.2010 |
| 4 | അലീമ<br>പള്ളിതൊടി വീട്<br>ചെറുകുന്നം | 22500 | 2597/04.06.2010 |
| 5 | സരസ്വതി അമ്മ<br>സന്നിധി ഗ്രാമം<br>ജനാർദ്ധനപുരം | 22500 | 2714/09.09.2010 |
| 6 | അബ്ദുൾ സത്താർ<br>കനാൽ പുറമ്പോക്ക്<br>കണ്ണംമ്പ | 22500 | 2740/23.09.10 |
| 7 | ഫൈസിയാ ബീവി<br>കനാൽ പുറമ്പോക്ക്<br>ചാലുവിള | 22500 | 2754/24.09.10 |
| 8 | ചന്ദ്ര ബാബു<br>അയണിക്കുഴിവിള<br>കണ്ണംമ്പ | 22500 | 2778/30.09.10 |
| 9 | ആബിദ<br>കുന്നുവിള വീട്<br>കനാൽ പുറമ്പോക്ക്<br>വർക്കല | 22500 | 2022/09.12.2010 |
| | **എസ്.സി.വിഭാഗം** | | |
| 1 | പ്രശോഭന<br>പുതുവൽ പുത്തൻവീട്<br>നടയറ | 30000 | 2765/28.09.10 |
| 2 | രതി<br>തേക്കുവിള വീട് | 30000 | 2501/24.05.2010 |
| 3 | സ്മിത<br>കൊല്ലിൽ വീട്<br>ജനാർദ്ധനപുരം | 30000 | 2059/13.12.10 |
| 4 | അനിൽ മോഹൻ<br>കനാൽ പുറമ്പോക്ക്<br>നടയറ | 30000 | 2404/04.01.11 |
| 5 | കൃഷ്ണൻകുട്ടി<br>ചരുവിള വീട്<br>വർക്കല | 30000 | 2969/07.03.11 |

LOCAL FUND AUDIT DEPARTMENT

ഇതു സംബന്ധിച്ച വിശദീകരണം 23.02.2013–ലെ എൻക്വയറി നം. 20 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കളെകൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുകൾക്ക് നൽകിയ തുകകൾ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**3.17. <u>ഭവന നിർമ്മാണം (വനിത) – പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.</u>**

പ്രോജക്ടിന്റെ പേര് : ഭവന നിർമ്മാണം (വനിത)

പ്രോജക്ട് നമ്പർ : 51/10 (സ്പിൽ ഓവർ)

അടങ്കൽ തുക : 195000/- (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : എസ്.സി.ഡെവലപ്മെന്റ് ഓഫീസർ

2008-09 സാമ്പത്തിക വർഷത്തിൽ എസ്.സി. ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭവനനിർമ്മാണം (വനിത) എന്ന ഏകവർഷ പ്രോജക്ട് 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിലും സ്പിൽ ഓവർ ആയി നടപ്പിലാക്കി. 15 ഗുണഭോക്താക്കൾക്കാണ് പദ്ധതി ആനുകൂല്യം നൽകിയത്. എന്നാൽ താഴെപ്പറയുന്ന വ്യക്തികൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | കൈപ്പറ്റിയ തുക | അവസാനഗഡു കൈപ്പറ്റിയത് (ഡി.ഡി.നം) |
|---|---|---|---|
| 1 | മിനി, പൊട്ടക്കുളം<br>ജനതാ മുക്ക് | 52500 | 73066<br>24.08.09 |
| 2 | ശാന്ത.സി, കനാൽ പുറമ്പോക്ക്,<br>ചാലുവിള | 67500 | 730475<br>03.08.09 |
| 3 | സതി.കെ<br>എം.ജി.കോളനി<br>ശിവഗിരി, വർക്കല | 52500 | 150527<br>22.03.10 |
| 4 | ഷീല.എസ്<br>പുതുവൽ വിള -വീട്<br>തച്ചൻകോണം | 67500 | 730988<br>13.10.09 |
| 5 | സിന്ധു<br>കുന്നിൽ വീട്<br>നടയറ | 52500 | 731806<br>15.12.11 |
| 6 | സുലേഖ<br>വയലിൽ വീട് | 52500 | 730989<br>13.10.09 |

LOCAL FUND AUDIT DEPARTMENT

15 ഗുണഭോക്താക്കളിൽ മേൽപ്പറഞ്ഞ 6 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് 15.02.13-ലെ എൻക്വയറി നം. 9 മുഖാന്തിരം വിശദീകരണം ആവശ്യപ്പെട്ടതിൽ നിരവധി തവണ നേരിട്ടും പ്രൊമോർട്ടർമാർ, കൗൺസിലർമാർ എന്നിവർ മുഖേനയും ബന്ധപ്പെട്ടിട്ടും ടിയാൾക്കാർ തുടർന്ന് പണി ചെയ്യുന്നതിന് തയ്യാറായിട്ടില്ല എന്നറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കളെകൊണ്ട് ഭവന നിർമ്മാണം സമയപരിധി നിശ്ചയിച്ച് പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുകൾക്ക് നൽകിയ തുകകൾ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3.18. ട്രാക്ടർ റിപ്പയറിംഗ് - സമയബന്ധിതമായി റിപ്പയറിംഗ് പൂർത്തീകരിച്ചില്ല.

നഗരസഭയിൽ ചവർ നീക്കം ചെയ്യുന്നതിനുപയോഗിച്ചു വന്നിരുന്ന കെ.എൽ.01.ടി.1248 നം. ട്രാക്ടർ രണ്ടു വർഷത്തിലേറെയായി ഉപയോഗ ശൂന്യമായതിനാൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കാൻ 21.05.2008-ലെ ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനമെടുത്തു. തിരുവനന്തപുരത്തെ അഗ്രോ ഇൻഡസ്ട്രീസ് ലിമി

റ്റഡിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല എന്ന് അറിയിച്ചതിനെ തുടർന്ന് കൊല്ലത്തെ അഗ്രോ ശാഖയിൽ ബന്ധപ്പെടുകയും പരിശോധനയെ തുടർന്ന് 74300/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും ചെയ്തു. വണ്ടി കെട്ടി വലിച്ച് കൊല്ലത്തെത്തിക്കുവാൻ 1000/- രൂപയും എൻജിൻ പൊളിക്കുമ്പോൾ കണ്ടെത്തുന്ന തകരാറുള്ള പാർട്സിന്റെ വിലയും ഒഴികെയുള്ള എസ്റ്റിമേറ്റാണ് 07.08.2008-ൽ നൽകിയത്. എസ്റ്റിമേറ്റ് തുകയുടെ 90% മുൻകൂറായി നൽകണമെന്നും അറിയിച്ചിരുന്നു. ഈ എസ്റ്റിമേറ്റ് 30.10.08-ൽ കൗൺസിൽ അംഗീകരിക്കുകയും 14.11.08-ൽ വണ്ടി കൈമാറുകയും ചെയ്തു.

തുടർന്ന് അഡ്വാൻസ് തുക ആവശ്യപ്പെട്ട്കൊണ്ട് 24.06.2009, 24.07.2009 തീയതികളിൽ അഗ്രോയിൽ നിന്നും കത്തുകൾ ലഭിച്ചു. (ഫണ്ടിന്റെ ലഭ്യതക്കുറവാണ് തുക ഒടുക്കുവാൻ വൈകിയതിന്റെ കാരണമെന്ന് നോട്ട് ഫയലിൽ കുറിപ്പ്) തുക തനതു ഫണ്ടിൽ നിന്നും ഒടുക്കാൻ ചെയർമാൻ നിർദ്ദേശം നൽകിയതിനെ തുടർന്ന് 24.06.2010-ൽ 66870/- രൂപ 088427-ാം നമ്പർ ഡി.ഡി. പ്രകാരം അഗ്രോ ഇൻഡസ്ട്രീസിനു നൽകി.

അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് വാഹനം കൈമാറണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് 30.07.2010, 03.12.2010 തീയതികളിൽ നഗരസഭ കത്തുകൾ നൽകി.

ഒന്നരവർഷത്തിനു ശേഷമാണ് അഡ്വാൻസ് നൽകിയതെന്നും ഈ സമയത്തിനുള്ളിൽ ട്രാക്ടറിനു കൂടുതൽ നാശങ്ങൾ ഉണ്ടാകുകയും പലഭാഗങ്ങളും റിപ്പയർ ചെയ്യാനാകാത്ത അവസ്ഥ സംജാതമാകുകയും ചെയ്തതിനാൽ ആദ്യം നൽകിയ എസ്റ്റിമേറ്റ് പോരാതെ വരുന്ന സാഹചര്യമുണ്ട് എന്നും കൂടുതലാകുന്ന തുക അനുവദിക്കാനുള്ള അനുമതി നൽകിയാൽ പണി പൂർത്തീകരിക്കുകയും ചെയ്യാമെന്ന് 23.12.2010-ൽ അഗ്രോ കത്തുവഴി അറിയിച്ചു. അറ്റകുറ്റപ്പണികളുടെ വിശദമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് 28.12.2010-ൽ അയച്ച കത്തിന് മറുപടിയായി 24000/- രൂപയുടെ എസ്റ്റിമേറ്റും അധികമായി ബാറ്ററിയുടെ വിലയും 27.01.2011-ൽ അഗ്രോ ഹാജരാക്കി.

അധികമാകുന്ന തുക പണി പൂർത്തീകരിച്ച് ട്രാക്ടർ കൈമാറുമ്പോൾ നൽകാമെന്ന് 04.02.2011-ൽ നഗരസഭ അറിയിച്ചു. അടിയന്തിരമായി ബാറ്ററി എത്തിച്ചു കൊടുക്കണമെന്ന് 24.05.2011-ൽ അഗ്രോ ഫോൺ മുഖേന ആവശ്യപ്പെട്ടു. ബാറ്ററി ഉൾപ്പെടെയുള്ള ചെലവ് അറിയിക്കാൻ 07.06.2011-ൽ നഗരസഭ കത്തു നൽകി. തുടർ നടപടികളെപ്പറ്റി ഫയലിൽ പരാമർശമില്ല.

തുക കൈമാറി നാളിതുവരെയായിട്ടും നഗരസഭയുടെ ഒരു ആസ്തി തിരികെയെത്തിക്കാൻ കഴിയാത്തത് ഗുരുതരമായ അനാസ്ഥയാണ്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും കമ്പനിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഒരിക്കൽ കൗൺസിൽ അംഗീകരിച്ച എസ്റ്റിമേറ്റ് തുകയിൽ നിന്നും ചെലവ് അധികരിക്കാനുണ്ടായ സാഹചര്യം ന്യായീകരിക്കത്തക്കതല്ല. ട്രാക്ടറിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( എൻ. നം. 7 തീ. 14.02.13) മറുപടിയും ലഭ്യമാക്കിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

29.06.2010–ലെ സപ്ലി. തീരുമാനം (3) പ്രകാരം ചവർ സംസ്കരണത്തിനു വാഹനം വാങ്ങാനായി ( പ്രോജക്ട് നം. 3/10–11) വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തുകയും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് 733272/– രൂപ മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവഴിച്ച് ഒരു ലോറി വാങ്ങുകയും ചെയ്തു. ടി തുക പിന്നീട് മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി. ചവർ നീക്കത്തിനായി ലോറികൾ ഈ കാലയളവിൽ വാടകയ്ക്കെടുത്തിട്ടുമുണ്ട്. സി.എൽ.ആർ ഡ്രൈവർമാരെ നിയമിക്കുകയും ചെയ്തു. അറ്റകുറ്റപ്പണികൾക്കു തുക തികയാതെ വന്ന സാഹചര്യത്തിൽ കേടായ ട്രാക്ടർ ലേലം ചെയ്തു നൽകിയ ശേഷം പ്രോജക്ട് രൂപീകരിച്ച് പുതിയ ട്രാക്ടർ വാങ്ങുകയായിരുന്നു ഉചിതമായ നടപടി. 14.11.08–ൽ അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡിന് കൈമാറിയ ട്രാക്ടർ യഥാസമയം അഡ്വാൻസ് നൽകി ഉപയോഗയോഗ്യമാക്കാത്തതും നഗരസഭയുടെ ഭാഗത്തു നിന്നുള്ള അനാസ്ഥയാണ്. ട്രാക്ടറിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാത്ത സാഹചര്യത്തിൽ 24.06.10–ൽ അഡ്വാൻസായി നൽകിയ 66870/– രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം 4

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4.1 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 1587245/– രൂപ വരവുണ്ട്. മറ്റു വിവരങ്ങൾ ലഭ്യമല്ല.

### 4.2 സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ):

**ഇല്ല.**

### 4.3 നിക്ഷേപം (സെക്യൂരിറ്റി നിക്ഷേപം/നിരതദ്രവ്യം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 38150.00 |
| വരവ് | : | 259750.00 |
| ആകെ | : | 297900.00 |
| (–) തിരികെ നൽകിയത് | : | 5000.00 |
| നീക്കിയിരിപ്പ് | : | **292900.00** |

### 4.4 സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ:

കേന്ദ്ര സംസ്ഥാന സർക്കാറുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | മുന്നിരിപ്പ് | പിരിച്ച തുക (ബില്ലിൽ കുറവു വന്ന തുക) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ആദായ നികുതി | 228450 | 66134 | 294584 | 66134 | 228450 |
| 2 | വിൽപ്പന/വാങ്ങൽ | 348231 | 231159 | 579390 | 209816 | 369574 |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| | നികുതി | | | | | |
| 3 | ലൈബ്രറി സെസ് | 1566357 | 531049 | 2097406 | ഇല്ല | 2097406 |
| 4 | നി.തൊ.ക്ഷേമനിധി വിഹിതം | 101840 | 15446 | 117286 | 13666 | 103620 |

ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന ഭീമമായ തുക വർഷങ്ങളായി അടയ്ക്കാറില്ല എന്നു കാണുന്നു. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

**4.5 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4.6 സാമ്പത്തിക നില - 2010-11 എ.എഫ്.എസ് പ്രകാരമുള്ള സാമ്പത്തിക നില.**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 7821252.00 |
| വരവ് | - | 112785756.00 |
| ആകെ | - | 120607008.00 |
| ചെലവ് | - | 106510742.00 |
| നീക്കിയിരുപ്പ് | - | 14096266.00 |

**4.7 ഓഡിറ്റ് പ്രത്യവലോകനം**

***(എ) സംക്ഷിപ്ത വിവരം:***

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | - | 112785756.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | - | 106510742.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - | 60351.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - | 220048.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - | 14560952.00 |

***(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:***

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഖ. 2.2 | 1000 | | ശ്രീ. ആർ.രാഗേഷ് കുമാർ (മുനിസിപ്പൽ സെക്രട്ടറി) |
| ഖ. 2.5 | 34675 | | ശ്രീ. എ.വിജയകുമാർ, സെക്രട്ടറി<br>കെ. പ്രേമ ചന്ദ്രൻ, സെക്രട്ടറി |
| ഖ. 2.6 (ബി) | 24676 | | ശ്രീ. എ.വിജയകുമാർ, സെക്രട്ടറി |
| ഖ. 3.1 | | 104564 | ശ്രീ. എ.വിജയകുമാർ, സെക്രട്ടറി |
| ഖ. 3.3 | | 36108 | ശ്രീ. ടി.ജി.പ്രതാപൻ, മുനിസിപ്പൽ എഞ്ചിനീയർ |
| ഖ. 3.4 | | 76641 | ശ്രീ. ടി.ജി.പ്രതാപൻ, മുനിസിപ്പൽ എഞ്ചിനീയർ - 38320/-<br>ശ്രീ. എൽ. നിക്ക്ഷ്യസ്, മുനിസിപ്പൽ എഞ്ചിനീയർ - 38321/- |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| ഖ. 3.5 | | 2735 | ശ്രീ. ടി.ജി.പ്രതാപൻ, മുനിസിപ്പൽ എഞ്ചിനീയർ |
| **ആകെ** | **60351** | **220048** | |

**തടസ്സപ്പെടുത്തിയ തുകകളുടെ വിവരം**

| **ഖണ്ഡിക** | | **തുക** |
|---|---|---|
| 3.2 | : | 577714.00 |
| 3.6 | : | 131081.00 |
| 3.7 | : | 1499102.00 |
| 3.9 | : | 7226729.00 |
| 3.10 | : | 200000.00 |
| 3.11 | : | 972500.00 |
| 3.12 | : | 1452873.00 |
| 3.13 | : | 2044812.00 |
| 3.14 | : | 284681.00 |
| 3.15 | : | 171460.00 |
| **ആകെ** | : | **14560952** |

***(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം:***

ഇല്ല

***(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:***

ഇല്ല

***(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ:***

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റു നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.എ.വിജയകുമാർ, സെക്രട്ടറി | – | കൃഷ്ണ വിഹാർ കൃഷ്ണ നഗർ, നെയ്യാറ്റിൻകര |
| 2 | ശ്രീ. പ്രേമ ചന്ദ്രൻ സെക്രട്ടറി | – | ടി.സി. 55/337(4) അമൃത് നഗർ, കൈമനം, പാപ്പനംകോട്.പി.ഒ |
| 3 | ശ്രീ.രാഗേഷ് കുമാർ സെക്രട്ടറി | – | കരിയ്ക്കകം വീട്, ഇടവ.പി.ഒ പിൻ. 695311 |
| 4 | ശ്രീ.ടി.ജി.പ്രതാപൻ മുനിസിപ്പൽ എഞ്ചിനീയർ | – | എഴുവാംകോട് തെക്കുഭാഗം. പി.ഒ |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| | | | പരവൂർ, കൊല്ലം |
| 5 | ശ്രീ.എൽ.നിക്കേഷ്യസ് മുനിസിപ്പൽ എഞ്ചിനീയർ | – | നവനികേതൻ മുക്കോലക്കൽ നെടുമങ്ങാട്.പി.ഒ തിരുവനന്തപുരം |

## 4.8. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1983–1984 | നം.എൽ.എഫ്.റ്റി.ഡി. 4/23/91/13.03.91/10.04.91 | |
| 1984–1985<br>1985–1986<br>1986–1987 | നം.എൽ.എഫ്.റ്റി.ഡി. 4/1205/94/10.04.96/08.08.96 | |
| 1987–88<br>1988–89 | നം.എൽ.എഫ്.റ്റി.ഡി. 4/247/95/14.03.97 | |
| 1989–90 | നം.എൽ.എഫ്.റ്റി.ഡി. 4/919/96/05.11.97/10.09.98 | |
| 1995–96 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി. 4/562/01/17.12.01 | |
| 1996–97 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി. 4/556/00/31.01.01 | |
| 1997–98 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി. 4/858/2000/31.01.01 | |
| 1995–96 (ഡി.സി.ബി) | നം.എൽ.എഫ്.റ്റി.ഡി. 4/562/01/17.12.01 | |
| 1999–2000 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/661/03/31.07.03 | |
| 2000–2001 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/1262/04/20.05.06 | |
| 2001–2002 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/1634/06/19.04.07/18.06.07 | |
| 1996–1997 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/85/07/27.09.07/29.09.07 | |
| 1997–1998 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/87/07/26.09.07 | |
| 1998–1999 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/88/67/29.09.07 | |
| 2002–2003 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/327/08/20.06.08 | |
| 2003–2004 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/564/08/19.01.09/16.03.09 | |
| 2004–2005 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/565/08/19.01.09/16.03.09 | |
| 2005–2006 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/1374/07/09.02.10 | |
| 2006–2007 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/1375/04/17.03.10 | |
| 2007–2008 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/673/11 | |
| 2008–2009 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/674/11/26.12.11 | |
| 2009–2010 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ/1698/2012, 18.03.13 | |

LOCAL FUND AUDIT DEPARTMENT

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻ.06.07.13 **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.**

LOCAL FUND AUDIT DEPARTMENT

## അനുബന്ധം – 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994–ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4–ാം വകുപ്പും 1994–ലെ കേരള നഗരപാലിക നിയമത്തിലെ 295(4)–ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 31.03.11–ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വർക്കല നഗരസഭയുടെ 2010–2011 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്–ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.**

LOCAL FUND AUDIT DEPARTMENT

എൻ.06.07.13

## തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭ 2010-2011 സാമ്പത്തിക വർഷം ഏറ്റെടുത്ത പദ്ധതികളിൽ പൂർത്തികരിക്കാത്തവയുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നം | പദ്ധതിയുടെ പേര് | കൺവീനറുടെ/ കരാറുകാരന്റെ പേരുവിവരം | അടങ്കൽ തുക | പദ്ധതി ആരംഭിച്ച തീയതി | പൂർത്തീകരിക്കേണ്ട തീയതി | മുൻവർഷാവസാനം ചെലവ് | തൻവർഷത്തെ ചെലവ് | ആകെ ചെലവ് | ചെലവഴിക്കാൻ ബാക്കി | മുൻകൂർ നൽകിയതിന്റെ വിവരം | | | ചെലവഴിക്കാൻ/ തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | മുൻകൂർ നൽകിയ തീയതി | മുൻകൂർ തുക | ചെലവഴിച്ച തുക | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| **മരാമത്തു പ്രവൃത്തികൾ** | | | | | | | | | | | | | |
| **(എ) മുൻവർഷങ്ങളിൽ ആരംഭിച്ച് തുടർന്നുവരുന്ന പദ്ധതികൾ.** | | | | | | | | | | | | | |
| 1 | എം.വി.എൽ.പി.എസ് അംഗൻവാടി കെട്ടിടം | 510000 | | | | | | | | | | | |
| 2 | ഇടപ്പുറം വെസ്റ്റ് കുന്നുവിള റോഡ് റീടാറിംഗ് | 176860 | | | | | | | | | | | |
| 3 | വാവുകട - ആലിയിറക്കം റോഡ് റീടാറിംഗ് | 486351 | | | | | | | | | | | |
| 4 | കോട്ടുമൂല - 10B ബാക്കിഭാഗം. | 172293 | | | | | | | | | | | |
| 5 | നടയ്ക്കാവ് കുഴിവിളാകം റോഡ് റീ ടാറിംഗ് | 147545 | | | | | | | | | | | |
| 6 | കുറ്റിക്കാട് - കൈതക്കുഴി റോഡ് റീടാറിംഗ് | 146695 | | | | | | | | | | | |
| 7 | കുന്നിൽ ബിസ്ക്കറ്റ് കമ്പനി പെരുങ്കുളം ഇടറോഡ്. | 73000 | | | | | | | | | | | |
| 8 | പാറയിൽ മാത്തിവിളറോഡ് റീ ടാറിംഗ് | 119664 | | | | | | | | | | | |
| 9 | താലൂക്ക് ആശുപത്രി - ലേബർ റൂം പുനരുദ്ധാരണം | 600000 | | | | | | | | | | | |
| 10 | കണ്വാശ്രമം - സ്ലാട്ടർ ഹൗസ് നടയറ തൈയ്ക്കാവ് | 579505 | | | | | | | | | | | |
| 11 | രഘുനാഥപുരം - ഒലിവ് വിള മാവിള റോഡ് പുനരുദ്ധാരണം | 709505 | | | | | | | | | | | |
| 12 | നായിക് ആർ വിനായക് റോഡ് (തേരകുളം റോഡ്) മെയിന്റനൻസ്. | 528615 | | | | | | | | | | | |

LOCAL FUND AUDIT DEPARTMENT

എൻ. 21/06/13

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**